**അടിയന്തര പ്രമേയം**

സോളാർ എൻക്വയറി കമ്മിഷൻ മുമ്പാകെ നടത്തിയ വെളിപ്പെടുത്തലുകൾ

മി. സ്പീക്കർ: ഇന്ന് റൂൾ 50 അനുസരിച്ച് ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ഈ അടിയന്തര പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കാൻ പാടില്ല. ഒരു ജുഡീഷ്യൽ കമ്മിഷന്റെ മുമ്പിലിരിക്കുന്ന പ്രശ്നം നിയമസഭ ചർച്ചയ്ക്കെടുക്കാൻ പാടില്ലെന്നാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 53-ൽ പറയുന്നത്. എന്നാൽ സ്പീക്കറുടെ പ്രത്യേക വിവേചനാധികാരമുപയോഗിച്ച് സ്പീക്കറിന് വേണമെങ്കിൽ അനുവദിക്കാം. പക്ഷെ അത് നിയമപരമായെടുക്കാൻ പാടില്ല എന്നാണ്. എന്നാലും ഞാൻ അനുവദിക്കുകയാണ്. ഒരു പരിധിക്കകത്തു നിന്ന് ചർച്ചചെയ്യണം എന്നുകൂടി പറയുന്നു. ചട്ടം 53-ൽ പറയുന്നുണ്ട്. അതിനകത്ത് ചർച്ച ചെയ്യാൻ പാടില്ല എന്നുപറഞ്ഞതിൽ ഇതും ഉൾപ്പെടുന്നുണ്ട്. എന്നാലും അനുവദിക്കുകയാണ്.

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് അഞ്ചരക്കോടി രൂപ കോഴ നൽകിയെന്നും ടീം സോളാർ കമ്പനിയുടെ വളർച്ചയിൽ മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്നും കമ്മീഷൻ ആവശ്യപ്പെട്ടാൽ ഈ തെളിവുകൾ ഹാജരാക്കാമെന്നും സോളാർ എൻക്വയറി

കമ്മീഷനുമുമ്പാകെ ശ്രീ. ബിജു രാധാകൃഷ്ണന്റെ വെളിപ്പെടുത്തലിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ.പി. ജയരാജൻ, വി. എസ്. സുനിൽ കുമാർ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പുറത്തു വന്നയുടനെ അതിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിയമനടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഒന്നാമതായി സാമ്പത്തിക തട്ടിപ്പുകേസുകൾ സമഗ്രമായി അന്വേഷിക്കുന്നതിനു വേണ്ടി ഒരു പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കുകയും ആകെ രജിസ്റ്റർ ചെയ്ത 33 കേസുകളും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കോടതികളിൽ ചാർജ്ഷീറ്റ് നൽകിയിട്ടുള്ളതുമാണ്. അന്വേഷണ വേളയിൽ ഈ കേസുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അനവധി തവണ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിൽപ്പോലും പരിഗണനയ്ക്ക് വന്നിട്ടുള്ളതാണ്. ഈ കോടതികളുടെ എല്ലാ ഉത്തരവുകളിലും കേസന്വേഷണവുമായി ബന്ധപ്പെട്ട നടപടികളിൽ യാതൊരുവിധ ആക്ഷേപവും ഉണ്ടായിട്ടില്ലാത്തതും അന്വേഷണത്തിൽ

തൃപ്തി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. മാത്രമല്ല, സി.ബി.ഐ അന്വേഷണം നടത്തുന്നതിനെതിരെ പരാതിക്കാരൻതന്നെ ഹൈക്കോടതിയിൽ നിലപാട് എടുത്ത കേസാണിത്. അന്വേഷണം പൂർത്തിയാക്കി ചാർജ്ഷീറ്റ് സമർപ്പിച്ച സോളാർ തട്ടിപ്പിലെ ഏറ്റവും വലിയ കേസായ ബാബുരാജൻ വാദിയായിട്ടുള്ള കേസിൽ ആറന്മുള പോലീസ് സ്റ്റേഷനിൽ ക്രൈം 817/2013-ൽ കോടതി വിചാരണ പൂർത്തിയാക്കുകയും പ്രതികളായ ബിജു രാധാകൃഷ്ണനെയും സരിത എസ്. നായരെയും ശിക്ഷിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കേസിന്റെ വിധിയിൽ അന്വേഷണത്തേയും പ്രോസിക്യൂഷനേയും പ്രകീർത്തിച്ചിട്ടുള്ളതുമാണ്. വിധിയിൽ ഇപ്രകാരം പറയുന്നു, " It would be inappropriate and uncharitable on the part of this court if I do not place on record a word of appreciation about the commendable work of the learned A.P.P. Shri. Pradeep Kumar who conducted the prosecution in a successful manner and the Investigating Officer Shri. B. Prasannan Nair who conducted fair and foolproof investigation in this case" . ഇത് കാണിക്കുന്നത് കോടതിയുടെ സ്കൂട്ടിനിക്ക് വിധേയമായ കേസന്വേഷണത്തിന് കോടതി പ്രകടിപ്പിച്ചിട്ടുള്ള മതിപ്പാണ്. ഇതുമായി ബന്ധപ്പെട്ട് സഭയ്ക്കകത്തും പുറത്തും വന്നിട്ടുള്ള എല്ലാ ആരോപണങ്ങളും അന്വേഷിക്കുന്നതിനാണ് ഗവൺമെന്റ് ജസ്റ്റിസ്

ശിവരാജൻ കമ്മീഷനെ Commission of Enquiries Act അനുസരിച്ച് നിയമിച്ചിട്ടുള്ളത്. കമ്മീഷന്റെ പ്രവർത്തനം സുഗമവും സുതാര്യവുമായി മുന്നോട്ടുപോകുകയാണ്. കമ്മീഷന് ഗവൺമെന്റ് എല്ലാവിധ സഹായങ്ങളും ചെയ്തു കൊടുത്തിട്ടുണ്ട്. കമ്മീഷന്റെ മുന്നിൽ നൂറുകണക്കിന് സാക്ഷികൾ ഹാജരായി തെളിവ് നൽകിവരികയാണ്. ഈ പ്രക്രിയയുമായി ബഹുമാനപ്പെട്ട കമ്മീഷൻ മുന്നോട്ടുപോകുമ്പോൾ ഏതെങ്കിലും ഒരു സാക്ഷിയുടെ മൊഴിയിലെ ഏതാനും പരാമർശങ്ങൾ അടർത്തിയെടുത്ത് ഇപ്രകാരം ആരോപണങ്ങൾക്ക് വിധേയമാക്കുന്നത് ബഹുമാനപ്പെട്ട കമ്മീഷനെ അവഹേളിക്കുന്നതിന് തുല്യമാണ്. തെളിവുകളിന്മേൽ സ്വതന്ത്രമായ നിഗമനത്തിലെത്താൻ കമ്മീഷനെ അനുവദിക്കുകയാണ് വേണ്ടത്. ഇപ്പോൾ മുഖ്യമന്ത്രിക്കെതിരെയും മറ്റും മൊഴിനൽകിയിരിക്കുന്നു എന്നു പറയുന്ന ബിജു രാധാകൃഷ്ണൻ അറുപതോളം ക്രിമിനൽ കേസുകളിൽ പ്രതിയും ഇതിനകംതന്നെ രണ്ട് കേസുകളിൽ ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ള വ്യക്തിയുമാണ്. ബിജു രാധാകൃഷ്ണന് ഈ ഗവമെന്റിനോട് ശത്രുതാ മനോഭാവമുണ്ടാകാൻ മതിയായ കാരണമുണ്ട്. എന്തെന്നാൽ സ്വന്തം ഭാര്യ രശ്മിയെ കൊലപ്പെടുത്തിയ കേസിൽ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 153/2006-ന്മേൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്

കാര്യക്ഷമമായ ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല. വെറുമൊരു 498 എ/ഐ.പി.സി മാത്രമാക്കി ബിജു രാധാകൃഷ്ണന് ജാമ്യത്തിൽ പോകാനുള്ള അവസരം ഒരുക്കുകയാണ് ഇടതുപക്ഷ ഗവൺമെന്റ് ചെയ്തത്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൃത്യമായ അന്വേഷണം നടത്തി കേസ്സിൽ 302 ഐ.പി.സി. വകുപ്പ് ചേർത്ത് 16.06.2013-ൽ ബിജു രാധാകൃഷ്ണനെ അറസ്റ്റ് ചെയ്തു. പ്രസ്തുത കേസ്സിൽ ഗവൺമെന്റ് സത്വര അന്വേഷണം നടത്തിയതും പ്രോസിക്യൂഷൻ കാണിച്ച കാര്യക്ഷമതയും കൊണ്ടാണ് ബിജു രാധാകൃഷ്ണൻ ഇന്നും തടവറയ്ക്കുള്ളിൽ കഴിയുന്നത്. കേസ്സിൽ ശിക്ഷിച്ച് ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന ബിജു രാധാകൃഷ്ണൻ ഈ സർക്കാരിനോടുള്ള വിരോധം തീർക്കുന്നതിനുവേണ്ടി തനിക്കു ലഭിച്ച അവസരം സോളാർ കമ്മീഷനിലൂടെ പ്രയോജനപ്പെടുത്തുകയാണ്. ഇതിൽ യാതൊരു പ്രാധാന്യവുമില്ല. ഇതിൽ മുഖ്യമന്ത്രിയുടേയും മറ്റാളുകളുടേയും പേരിൽ പറഞ്ഞിട്ടുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതല്ല. ഇതെല്ലാം കേസിൽ 302 വകുപ്പുപ്രകാരം പ്രതിയാക്കി ജീവപര്യന്തം ശിക്ഷിപ്പിച്ചതിനുള്ള സർക്കാരിനോടുള്ള കടുത്ത വിരോധം പ്രകടിപ്പിക്കാനാണ് ബിജു രാധാകൃഷ്ണൻ ഇത് ചെയ്തിട്ടുള്ളത്. ഒരു കാരണവശാലും ഈ ഗവൺമെന്റിന് ഒരു പോറലുമേൽപ്പിക്കാൻ ഇവിടെ കൊണ്ടുവന്ന അടിയന്തരപ്രമേയത്തിലൂടെ കഴിയില്ല എന്നുകൂടി ഞാൻ സൂചിപ്പിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇതിന്റെ എല്ലാ വശങ്ങളും ശരിയായ നിലയിൽ നിരീക്ഷിച്ചുകൊണ്ട് നടത്തിയിട്ടുള്ള ഒരു അഭിപ്രായപ്രകടനമല്ല ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയിൽ നിന്നുണ്ടായിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റിന്റെ മുമ്പാകെ വരുന്ന കേസിന്റെ മെറിറ്റ് നോക്കി മാത്രമേ ആ ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. കൊലപാതകം നടത്തിയാലേ കൊലപാതകത്തിന് കേസെടുക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിലാണ് അന്ന് നിലപാട് സ്വീകരിച്ചത്. ആ ഗവൺമെന്റിന്റെ കാലത്ത്, ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന രീതിയിൽ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അന്ന് ബിജു രാധാകൃഷ്ണൻ കേരളത്തിൽ ആരുമല്ല. ഇന്ന് ബിജു രാധാകൃഷ്ണൻ ആരാണ്? അതാണ് പ്രശ്നം. നിങ്ങൾക്ക് ഉറപ്പിച്ചു പറയാൻ സാധിക്കുമോ? കേരള നിയമസഭയുടെ ചരിത്രത്തിൽത്തന്നെ അസാധാരണമായ ഒരു സംഭവമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. കേരളത്തിൽ സഖാവ് ഇ.എം.എസ്. മുതൽ ഒട്ടനവധി മുഖ്യമന്ത്രിമാരുണ്ടായിട്ടുണ്ട്; ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഒട്ടനവധി മുഖ്യമന്ത്രിമാരുണ്ടായിട്ടുണ്ട്. ഏതെങ്കിലും ഒരു മുഖ്യമന്ത്രിക്കെതിരെ ഏതെങ്കിലും ഒരാൾ ഇത്തരത്തിൽ ഒരു ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ? അഞ്ചരക്കോടി രൂപ കൈക്കൂലി കൊടുത്തുവെന്ന് കമ്മീഷന്റെ മുമ്പാകെ മൊഴി നൽകിയ പ്രശ്നം ഇന്ന്

കേരളത്തിലെയും ദേശീയതലത്തിലെയും എല്ലാ പത്രങ്ങളിലെയും എല്ലാ ചാനലുകളിലെയും മുഖ്യവിഷയമാണ്. ഇത്തരം ഒരു സംഭവത്തിലേയ്ക്ക് എങ്ങനെ ചെന്നെത്തി? നിയമസഭയിൽ സോളാർ പ്രശ്നം ചർച്ച ചെയ്തിട്ടുള്ളതാണ്. ചാലക്കുടിക്കാരൻ ആന്റോ ഒരു പ്രോജക്ട് തയ്യാറാക്കി മുഖ്യമന്ത്രിയുടെ അടുത്തെത്തിച്ചു. പിന്നീട് ആ സോളാർ പ്രോജക്ട് നടത്തിപ്പിനുവേണ്ടി സരിതയെയും ബിജു രാധാകൃഷ്ണനെയും ഏല്പിച്ചു. അതിന്റെ പ്രവർത്തനകേന്ദ്രം മുഖ്യമന്ത്രിയുടെ ഓഫീസായിരുന്നില്ലേ? മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് സലിംരാജ്, ജോപ്പൻ, ജിക്കുമോൻ, പ്യൂൺ ജേക്കബ് എന്നിവരെ ഒഴിവാക്കിയത് എന്തിനാണ്? അതിന്റെ അടിസ്ഥാനമെന്താണ്? അത് സോളാർ കേസല്ലേ; അഴിമതി പ്രശ്നമല്ലേ. സോളാർ കേസിൽ മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് സരിതയും ബിജു രാധാകൃഷ്ണനും നടത്തിയിട്ടുള്ള വെട്ടിപ്പ് കേരളത്തിൽ വ്യാപകമാക്കി. കേരളത്തിന് പുറത്തുള്ള വ്യവസായികളിൽനിന്ന് പണം വാങ്ങി; കോടിക്കണക്കിന് രൂപ സമാഹരിച്ചു. സോളാർ എനർജിയുടെ പേരിൽ കോടിക്കണക്കിന് രൂപ സമാഹരിച്ചിട്ടും അവർക്കൊന്നും സോളാർ പാനൽ കൊടുത്തില്ല. അവർ പരാതിയുമായി മുഖ്യമന്ത്രിയുടെ അടുത്തെത്തി. മുഖ്യമന്ത്രിയുടെ അടുത്ത് പരാതിക്കാരെത്തിയപ്പോൾ അവരെ ആക്ഷേപിച്ച് ഇറക്കിവിട്ടു. ശ്രീധരൻ നായരും ടി. സി. മാത്യുവും ഇതിന്റെ

ഭാഗമായിരുന്നല്ലോ? കോൺഗ്രസിന്റെ പത്തനംതിട്ടയിലെ പ്രമുഖനായിരുന്നല്ലോ ശ്രീധരൻ നായർ. ഇവരെല്ലാം സോളാറിൽ വെട്ടിപ്പിന് വിധേയരായി പണം നഷ്ടപ്പെട്ട് പരാതിയുമായി വന്നു. അവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാനും നടപടി സ്വീകരിക്കാനും തയ്യാറായില്ല. അതിന്റെ ഫലമായി അവർ അവസാനത്തെ വഴിയെന്നുള്ള നിലയിൽ ഇക്കാര്യം പരസ്യപ്പെടുത്തി. അഴിമതിയുടെ കാര്യങ്ങൾ പുറത്തുവന്നു. അങ്ങനെ ഉയർന്നുവന്ന ആ പ്രശ്നങ്ങളെല്ലാം നിരവധി തവണ നിയമസഭയിൽ ചർച്ച ചെയ്തു. അന്വേഷണം വേണം എന്ന നിലപാട് സ്വീകരിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതെന്താണ്? സരിതയെയും ബിജു രാധാകൃഷ്ണനെയും എനിക്ക് അറിഞ്ഞുകൂടാ എന്ന തരത്തിലുള്ള മറുപടികളാണ് നിയമസഭയിൽ പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ ശരിയായ നിലപാട് സ്വീകരിക്കാൻ തയ്യാറായില്ല. പിന്നീട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിലപാട് മാറ്റിയില്ലേ; ഡൽഹിയിലും മറ്റു സ്ഥലത്തുവച്ചും കണ്ട കാര്യങ്ങൾ അംഗീകരിക്കേണ്ടി വന്നില്ലേ; എന്തിനായിരുന്നു ഒരു മുഖ്യമന്ത്രിക്ക് ഇങ്ങനെ കളവ് പറയേണ്ടി വന്നത്? കേരളത്തിൽ കളവ് പറഞ്ഞുവെന്നതിന്റെ പേരിൽ മുഖ്യമന്ത്രിക്ക് സ്ഥാനം നഷ്ടപ്പെടേണ്ടി വന്നിട്ടുണ്ട്. അതുപോലെ ഒരു പ്രസംഗത്തിന്റെ പേരിൽ മന്ത്രിസ്ഥാനം നഷ്ടപ്പെട്ടിട്ടുണ്ട്........(ബഹളം)........ആരെങ്കിലുമാകട്ടെ. പഞ്ചാബ്

മോഡൽ പ്രസംഗം നടത്തിയതിന് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയാണ് അധികാരത്തിൽനിന്ന് പുറത്തുപോയതെന്ന് അറിഞ്ഞുകൂടേ? അതെവിടെ കിടക്കുന്നു, ഇതെവിടെ കിടക്കുന്നു. കള്ളം പറഞ്ഞുവെന്നതിന്റെ പേരിൽ കെ. കരുണാകരനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്നും നിങ്ങൾ ഒഴിവാക്കിയില്ലേ? ഇവിടെ മുഖ്യമന്ത്രി എടുത്ത നിലപാട് ഇവരെ സംരക്ഷിക്കുന്നതായിരുന്നു. മുഖ്യമന്ത്രിയുടെ ഓഫീസാണ് എല്ലാ ഇടപാടുകളുടെയും ആസ്ഥാനം. അവിടത്തെ സി.സി.ടി.വി.-യിൽ ഈ ദൃശ്യങ്ങളുണ്ട്. അതെല്ലാം മാഞ്ഞുപോയി എന്നാണ് അതിന് മുഖ്യമന്ത്രി പറഞ്ഞത്. ഹാജരാക്കിയിട്ടുള്ള തെളിവുകളൊന്നും അംഗീകരിക്കാൻ തയ്യാറായില്ല. കുറ്റക്കാരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചു. ആ നിലപാടിന്റെ അടിസ്ഥാനത്തിൽ നിയമസഭ പ്രക്ഷുബ്ധമായി. ഒരു അന്വേഷണവും നടത്താൻ മുഖ്യമന്ത്രി തയ്യാറായില്ല. ഈ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ബഹുജനപ്രക്ഷോഭത്തിൽ തിരുവനന്തപുരത്തെ സെക്രട്ടേറിയറ്റ് തടഞ്ഞുവയ്ക്കപ്പെട്ടു. സെക്രട്ടേറിയറ്റ് പൂട്ടി, രണ്ടു ദിവസം ലീവ് അനുവദിച്ചു. ആ സമരത്തെ അടിച്ചമർത്താൻ നിങ്ങൾ പട്ടാളത്തെ ഇറക്കി. അവസാനം സോളാർ പ്രശ്നം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താമെന്ന് മുഖ്യമന്ത്രി പറഞ്ഞു, അതിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചു. അപ്പോഴാണ് മുഖ്യമന്ത്രിയുടെ ഓഫീസും മുഖ്യമന്ത്രിയും ഈ അന്വേഷണത്തിന്റെ

പരിധിക്കകത്ത് പെടില്ലെന്ന് മുഖ്യമന്ത്രി പറയുന്നത്. അങ്ങനെ വന്നപ്പോൾ ഞങ്ങൾ അന്വേഷണക്കമ്മീഷനുമായി സഹകരിക്കില്ലെന്ന് പറഞ്ഞു. എന്നാൽ ഒരു കാര്യം മനസ്സിലാക്കണം, ഒരുപാട് ആളുകൾ കമ്മീഷന്റെ മുമ്പിൽ തെളിവുകൾ കൊടുത്തു. ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ അന്വേഷണം നടത്തി. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കിട്ടിയ തെളിവുകൾ വച്ചുകൊണ്ടു പറഞ്ഞു. ഈ കമ്മീഷന്റെ മുമ്പാകെ മുഖ്യമന്ത്രിയെ വിളിച്ചുവരുത്തി വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസാണ് ഇതിന്റെ കേന്ദ്രം, ആ ഓഫീസിൽ വച്ചാണ് പലരും കൈക്കൂലി വാങ്ങിയിട്ടുള്ളതും അഴിമതിയുടെ കേന്ദ്രമായി പ്രവർത്തിച്ചിട്ടുള്ളതും. ഈ കാര്യങ്ങൾ കമ്മീഷന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെയും മുഖ്യമന്ത്രിയേയും അന്വേഷണത്തിന്റെ പരിധിയിൽപ്പെടുത്തി. അങ്ങനെ വന്നപ്പോൾ ഞങ്ങൾ അന്വേഷണ കമ്മീഷനുമായി സഹകരിക്കാൻ.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മുഖ്യമന്ത്രിക്കെതിരെ തെളിവുണ്ടെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടിട്ടാണ് മുഖ്യമന്ത്രിയെ വിളിച്ചുവരുത്താൻ തീരുമാനിച്ചതെന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് തെറ്റാണ്.......

ശ്രീ. ഇ. പി. ജയരാജൻ: ******* .......(ബഹളം)........

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്......, അടിയന്തര പ്രമേയമാണ് അദ്ദേഹം

അവതരിപ്പിക്കട്ടെ.

ശ്രീ. ബെന്നി ബെഹനാൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗത്തെ ******** എന്ന് അടിയന്തര പ്രമേയം അവതരിപ്പിച്ച ശ്രീ. ഇ. പി. ജയരാജൻ വിളിച്ചു. അത് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണം. ***** എന്നു വിളിക്കാൻ അധികാരമില്ല. സഭ്യമായ ഭാഷയിൽ സംസാരിക്കണം. രേഖ പരിശോധിക്കണം. ***** എന്നുവിളിച്ചത് ഈ സഭയുടെ അന്തസ്സിന് യോജിച്ചതല്ല, അങ്ങനെ പറയാൻ പാടില്ല. അസഭ്യമായി പറഞ്ഞ വാക്കുകൾ അദ്ദേഹം പിൻവലിക്കണം, അല്ലെങ്കിൽ സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മുഖ്യമന്ത്രിക്കെതിരെ തെളിവുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടാണ് മുഖ്യമന്ത്രിയെ വിളിച്ചുവരുത്താൻ കമ്മീഷൻ തീരുമാനിച്ചതെന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് തെറ്റാണ്. Factual error ആണ്. ജുഡീഷ്യൽ കമ്മീഷന്റെ പരിശോധനയിലുള്ള കാര്യങ്ങൾ അങ്ങ് വിവേചനാധികാരം ഉപയോഗിച്ച് അനുവാദം കൊടുത്ത് അവതരിപ്പിക്കുമ്പോൾ കമ്മീഷൻ പറയാത്ത ഒരു കാര്യം പറയുന്നത് ഓർഡറിലാണോ? അത് നീക്കം ചെയ്യണം.

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ, അങ്ങയുടെ സംസാരത്തിൽ വന്ന ആ പ്രത്യേക പദം ചെയർ ഇപ്പോൾത്തന്നെ പരിശോധിക്കാം, അങ്ങനെയുണ്ടെങ്കിൽ

---

*** സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

തീർച്ചയായും അത് ഉടൻതന്നെ നീക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, പബ്ലിക്ക് എൻക്വയറീസ് ആക്ടിൽ 8 (b) പ്രകാരം മുഖ്യമന്ത്രിയടക്കമുള്ളവർ കമ്മീഷന്റെ മുമ്പാകെ ഹാജരായി തെളിവുകൾ സംബന്ധിച്ച് വിശദീകരിക്കുന്നതിന് കമ്മീഷൻ ഉത്തരവ് നൽകിയിരിക്കുകയാണ്. അതനുസരിച്ച് മുഖ്യമന്ത്രി ഇന്നുവരെ കമ്മീഷന്റെ മുമ്പാകെ തെളിവ് നൽകാൻ പോയിട്ടില്ല. ഇപ്പോൾ വന്നിരിക്കുന്ന വിഷയം ബിജു രാധാകൃഷ്ണൻ ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകി. ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ മുമ്പാകെ നൽകിയ മൊഴി ബിജു രാധാകൃഷ്ണൻതന്നെ എല്ലാ പത്രക്കാരോടും പറഞ്ഞു. ആ മൊഴി നൽകിയതിന്റെ അടിസ്ഥാനം, കമ്മീഷന്റെ മുമ്പാകെ...... ഇവിടെ 60 കേസ്സുകളിൽ രണ്ട് കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടു കിടക്കുന്ന ബിജു രാധാകൃഷ്ണനെക്കുറിച്ച് പറഞ്ഞല്ലോ.

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞ പദം അങ്ങ് ഉപയോഗിച്ചിട്ടുണ്ട്. അത് സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇവിടെ 60 കേസിനെ സംബന്ധിച്ചും രണ്ട് കൊലക്കേസ്സിനെക്കുറിച്ചും പറഞ്ഞല്ലോ. ബിജു രാധാകൃഷ്ണനെ ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട് മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പൂർണ്ണ

നിയന്ത്രണക്കാരനാക്കിയത് എന്തടിസ്ഥാനത്തിലാണ്? അവിടെ കയറിയിട്ടാണല്ലോ വിലസിയത്. എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ഒരു മണിക്കൂർ സമയം അടച്ചിട്ട മുറിയിൽ മുഖ്യമന്ത്രിയും ഈ ക്രിമിനലുമായി എന്താണ് രഹസ്യ ചർച്ച? മുഖ്യമന്ത്രി ബിജു രാധാകൃഷ്ണനുമായി ചർച്ച ചെയ്തത് എന്താണെന്നുള്ളത് ഈ നിയമസഭയിൽ വച്ച് മുഖ്യമന്ത്രിയോട് ചോദിച്ചു. മുഖ്യമന്ത്രി ആദ്യം ചർച്ച ചെയ്തത് അംഗീകരിച്ചില്ലെങ്കിലും പിന്നീട് ചർച്ച ചെയ്തുവെന്ന് അംഗീകരിച്ചു. എന്നിട്ട് അദ്ദേഹം നിയമസഭയിൽ പറഞ്ഞു, ചർച്ച ചെയ്ത കാര്യം ഞാൻ പറയില്ലായെന്നും ചർച്ച ചെയ്തത് കുടുംബകാര്യമാണെന്നും. 60 കേസ്, 2 കൊലക്കേസ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. അതാണ് കുടുംബകാര്യം. ബിജു രാധാകൃഷ്ണൻ കേസിൽ ശിക്ഷിച്ച് തിരുവനന്തപുരത്ത് ജയിലിലാണ്. ജയിലിൽ കിടക്കുന്ന ബിജു രാധാകൃഷ്ണനെ കമ്മീഷൻ മുമ്പാകെ തെളിവെടുപ്പ് നടത്താൻ വേണ്ടി ഹാജരാക്കാൻ ജയിൽ സൂപ്രണ്ടിന് നോട്ടീസ് കൊടുത്തു. ഹാജരാകേണ്ടിയിരുന്നത് നവംബർ 11-ാം തീയതിയാണ്. എന്നാൽ നവംബർ 11-ാം തീയതി ജയിൽ സൂപ്രണ്ട് ഹാജരാക്കിയില്ല. 12-ാം തീയതി ഹാജരാക്കാൻ നോട്ടീസ് കൊടുത്തു. 12-നും ഹാജരാക്കിയില്ല. പിറ്റേദിവസം കമ്മീഷൻ ജയിൽ സൂപ്രണ്ടിന്റെ നടപടിക്കെതിരായി ശക്തമായിട്ടുള്ള വിമർശനം നടത്തി. വിമർശനം നടത്തിയെന്ന്

മാത്രമല്ല, അടിയന്തരമായി കമ്മീഷൻ മുമ്പാകെ ഹാജരാക്കണമെന്ന് നിർദ്ദേശം കൊടുത്തു. 12-ാം തീയതി കൊടുത്ത നിർദ്ദേശം, നവംബർ 17-ാം തീയതി കമ്മീഷന്റെ മുമ്പിൽ ഹാജരാക്കണമെന്ന് പറഞ്ഞുകൊണ്ടാണ്. 17-ാം തീയതി ബിജു രാധാകൃഷ്ണനെ ഹാജരാക്കാൻ ജയിൽ ഡി.ജി.പി.ക്ക് കമ്മീഷൻ നിർദ്ദേശം കൊടുത്തു. ജയിൽ സൂപ്രണ്ട് പറഞ്ഞത് ഞാൻ ഹാജരാക്കില്ല, എനിക്ക് ഇഷ്ടമുള്ളതുപോലെ ഞാൻ ചെയ്യും എന്നാണ്. തനി ധിക്കാരപരമായ നിലപാട് ജയിൽ സൂപ്രണ്ട് എടുത്തു. അതിന്റെ ശക്തികേന്ദ്രം എന്തായിരുന്നു? ബിജു രാധാകൃഷ്ണനെ ഹാജരാക്കിയാൽ ഒരുപാട് കാര്യങ്ങൾ കമ്മീഷൻ മുമ്പാകെ പറയും. അവിടെ പറയാതിരിക്കാൻ തോമസ്, കൊണ്ടോടി തുടങ്ങിയ ചില ആളുകളെ അവിടേയ്ക്ക് അയച്ച് സ്വാധീനിക്കാൻ ശ്രമിച്ചു. 17-ാം തീയതി കമ്മീഷന്റെ മുമ്പാകെ ഹാജരാക്കിയപ്പോൾ ഞാൻ എല്ലാ കാര്യങ്ങളും തുറന്നുപറഞ്ഞാൽ മുഖ്യമന്ത്രി രാജിവയ്ക്കേണ്ടി വരുമെന്നും ഈ ഗവൺമെന്റ് നിലനിൽക്കില്ലായെന്നും അതിന്റെയെല്ലാം തെളിവുകളും എന്റെ കൈവശമുണ്ടെന്നും ബിജു രാധാകൃഷ്ണൻ വ്യക്തമാക്കി. എല്ലാ കാര്യങ്ങളും തുറന്നുപറയാൻ ഞാൻ സന്നദ്ധനാണ്, തെളിവുകൾ ഹാജരാക്കാമെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ 30-ാം തീയതി ബിജു രാധാകൃഷ്ണനെ തെളിവെടുപ്പിനായി ജസ്റ്റിസിന്റെ മുമ്പിൽ ഹാജാരാക്കി. അഞ്ച് കോടി

പത്ത് ലക്ഷം രൂപ നേരിട്ട് മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ടെന്നാണ് തെളിവെടുപ്പിന്റെ ഘട്ടത്തിൽ ബിജു രാധാകൃഷ്ണൻ കമ്മീഷന്റെ മുമ്പാകെ കൊടുത്തിട്ടുള്ള മൊഴി. പാലക്കാട് കിൻഫ്രാ പാർക്കിൽ ടീം സോളാറിന് മുഖ്യമന്ത്രി വാഗ്ദാനം ചെയ്തത് 70 ഏക്കർ ഭൂമി, ഇടുക്കി കൈലാസപ്പാറയിൽ വിന്റ്മിൽ സ്ഥാപിക്കാൻ 600 കോടി രൂപയുടെ പ്രോജക്ടിന് മുഖ്യമന്ത്രിയുമായി ധാരണയാക്കി. ഇതിന്റെ ലാഭ വിഹിതത്തിന്റെ 60 ശതമാനം ടീം സോളാറിനും 40 ശതമാനം മുഖ്യമന്ത്രിക്കുമായി കൊടുക്കാൻ ഞങ്ങൾ തീരുമാനത്തിലെത്തി. ഈ കാര്യമാണ് എറണാകുളത്ത് അടച്ചിട്ട മുറിയിൽവച്ച് ഞങ്ങൾ ചർച്ച ചെയ്തതെന്നാണ് ബിജു രാധാകൃഷ്ണൻ വെളിപ്പെടുത്തിയത്. മുഖ്യമന്ത്രി ഇക്കാര്യം വെളിപ്പെടുത്തിയിട്ടില്ല. അതിന്റെ ഷെയറാണ് ഇതിന്റെ ഭാഗമായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കി......., എല്ലാ കാര്യങ്ങളും ഞങ്ങളെക്കൊണ്ട് പറയിപ്പിക്കണ്ട........, അത് പറയാം. അതിന്റെ സി.ഡി.കൾ ഹാജരാക്കാം. അതിലേയ്ക്ക് കടക്കണ്ട. ശ്രീ. പി.സി. വിഷ്ണുനാഥിന്റെയും വിളിച്ച ഫോണിന്റെയും കണക്കുകൾ അപ്പോൾ വരും.

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ, പ്ലീസ് കൺക്ലൂഡ്. 18 മിനിട്ടായി.

ശ്രീ. ഇ. പി. ജയരാജൻ: സർ, വിഷയത്തിലേയ്ക്ക് കടന്നിട്ടേയുള്ളൂ. ഈ രഹസ്യ ചർച്ചയാണ് വെളിവാക്കപ്പെട്ടിട്ടുള്ളത്. ആ വെളിവാക്കപ്പെട്ടതിൽ അഞ്ചര കോടി

രൂപ, സോളാർ ഇടപാടിൽ ഇതിനുവേണ്ടി മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടാണ് വ്യാപാരം, 40 ശതമാനം. 5.10-ഉം, ബാക്കി ചിലർക്കൊക്കെ കൊടുത്ത കാര്യം പറഞ്ഞിട്ടുണ്ട്. അതിൽ ജിക്കുമോന്റെ കൈവശം കൊടുത്തിട്ടുണ്ട്. കൊടുത്ത സ്ഥലങ്ങൾ പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ, മുഖ്യമന്ത്രിയുടെ വസതിയിൽ ആളുകളുടെ സാന്നിദ്ധ്യത്തിൽ കൊടുത്തുവെന്ന് കമ്മീഷൻ മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്. ഈ തരത്തിൽ അഴിമതികളാണ് ഇവിടെ കൊടികുത്തിവാഴുന്നത്. ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി ഒരു തരത്തിലും ഇത്തരത്തിൽ അധഃപതിക്കാൻ പാടില്ലാത്തതായിരുന്നു. ഇവിടെ മറ്റ് മന്ത്രിമാരെക്കുറിച്ച് അഴിമതി ആരോപണം ഉയർന്നുവന്നിട്ടുണ്ട്.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്, പ്ലീസ്........, പ്ലീസ്.....

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് ഒരു പ്രധാനപ്പെട്ട വിഷയമാണ്.

മി. സ്പീക്കർ: അതുകൊണ്ടാണ് 19 മിനിട്ട് തന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഗൗരവമേറിയിട്ടുള്ള അഴിമതിയാണ്. ഇതുമാത്രമല്ല നിയമസഭയിൽ എന്റെ സംസ്കാരം എന്നെ പറയിപ്പിക്കാതിരിക്കുന്ന ബോധം, ആ ആരോപണങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എത്ര മലീമസമാണിത്, എത്ര ഭീകരമാണിത്. ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയെക്കുറിച്ച് ഇങ്ങനെ പറയേണ്ടി

വരുന്നത് സങ്കടമാണ്, ദു:ഖമാണ്. ഞാൻ ഉന്നയിക്കപ്പെടുന്ന വിഷയം ഗൗരവമേറിയ അഴിമതിയാണ്. ആ അഴിമതിയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്ക് അധികാരത്തിലിരിക്കാനുള്ള ധാർമ്മികമോ നിയമപരമോ ആയിട്ടുള്ള അർഹതയില്ല. യഥാർത്ഥത്തിൽ ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ തെളിവെടുപ്പിന് മുഖ്യമന്ത്രിക്ക് നോട്ടീസ് കൊടുത്ത അവസരത്തിൽത്തന്നെ അദ്ദേഹം രാജി വയ്ക്കേണ്ടതായിരുന്നു. ഇതുവരെയുള്ള ചരിത്രം എടുത്തുനോക്കിയാൽ ജയിൽ സൂപ്രണ്ടിനെ ഉപയോഗിച്ച് ............(മൈക്ക് ഓഫ് )..........

<u>മി. സ്പീക്കർ</u>: 20 മിനിട്ട് കഴിഞ്ഞു. ഇനി സമയം തരാൻ കഴിയില്ല. പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. ഇ. പി. ജയരാജൻ</u>: ............(മൈക്ക് ഓഫ് )..........

<u>മി. സ്പീക്കർ</u> : 15 മിനിട്ട് എന്ന് പറഞ്ഞതിനുശേഷം 5 മിനിട്ട് വീണ്ടും കൊടുത്തു.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കമ്മീഷന്റെ മുമ്പിൽ ഹാജരാക്കാൻ സൂപ്രണ്ടിന് നിർദ്ദേശം കൊടുത്തതിന്റെ ഭാഗമായി ജയിൽ ഡി.ജി.പി.യെ നിങ്ങൾ ആ സ്ഥാനത്തുനിന്ന് മാറ്റിയില്ലേ? നിങ്ങൾ ജയിൽ ഉദ്യോഗസ്ഥന്മാരെ ഉപയോഗിച്ചുകൊണ്ട് തെളിവുകൾ നശിപ്പിക്കുന്നു. ബിജു രാധാകൃഷ്ണൻ ഏറ്റവും

ഗൗരവമേറിയ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്, എന്റെ ജീവിതം അപകടത്തിലാണെന്ന്. അപകടത്തിലാണ്, തീർച്ചയായും ബിജു രാധാകൃഷ്ണൻ ഉയർത്തിയിട്ടുള്ള പ്രശ്നം വളരെ ഉത്കണ്ഠയോടുകൂടിയാണ് കേരളം കാണുന്നത്. മുഖ്യമന്ത്രിക്കെതിരെ, അദ്ദേഹത്തിന്റെ സഹയാത്രികനായി അദ്ദേഹത്തോടൊപ്പം നടന്ന് ഭരണത്തിന്റെ ആദ്യഘട്ടങ്ങളിൽ കഴിഞ്ഞ നാലുവർഷക്കാലം സഹസഞ്ചാരിയായി നടന്ന് പ്രവർത്തിച്ച് സോളാറിന്റെ പേരിൽ കോടികൾ വാരിക്കൂട്ടി അതിന്റെ വിഹിതം പലർക്കുമായി കൊടുത്ത് കേരളത്തിന്റെ സാമ്പത്തികമേഖല കൈയടക്കി ആ ആക്ഷേപം ഉന്നയിച്ച ആളുകൾക്ക് ജീവൻ അപകടത്തിൽ (........മൈക്ക് ഓഫ്............)

<u>മി. സ്പീക്കർ</u>: ഇതൊന്നും രേഖയിലുണ്ടാകില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ മുഴുവൻ സോളാർ കമ്മീഷൻ അന്വേഷിക്കുന്നതാണ്. സോളാർ കേസുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അദ്ദേഹം ഇവിടെ വിശദീകരിച്ചത്. ഒരു ജനാധിപത്യ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ഈ തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ട്. ഇതിൽ എല്ലാ കേസുകളും കൃത്യമായി അന്വേഷിക്കുകയും

നിയമപരമായി പ്രോസിക്യൂഷൻ നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, പ്രതിപക്ഷത്തിന്റെയുംകൂടി ആവശ്യം കണക്കിലെടുത്തുകൊണ്ടാണ് ഈ കേസ് ഫലപ്രദമായി അന്വേഷിക്കാൻ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് ഒരു കമ്മീഷനെ നിയോഗിച്ചത്. ആ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ എറണാകുളത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും കമ്മീഷന്റെ മുമ്പിൽ പരിശോധനയ്ക്ക് വിധേയമായ കാര്യങ്ങളാണ്. കമ്മീഷൻ ഈ കാര്യങ്ങളെല്ലാം പരിശോധിക്കുന്നുണ്ട്. പല രാഷ്ട്രീയ പാർട്ടികളിലെയും ഉന്നതരായ നേതാക്കന്മാരടക്കം നിരവധി ആളുകൾ കമ്മീഷന്റെ മുമ്പിൽ മൊഴി കൊടുത്തുകൊണ്ടിരിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജൻ ചൂണ്ടിക്കാണിച്ച ഈ സംഭവപരമ്പരകളെല്ലാം കമ്മീഷന്റെ മുമ്പിലിരിക്കുന്ന കാര്യങ്ങളാണ്. കമ്മീഷൻ ഈ കാര്യങ്ങളെപ്പറ്റി തെളിവെടുക്കുകയും സാക്ഷികളെ വിസ്തരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. അതുകൊണ്ട് അദ്ദേഹം ഉന്നയിച്ചത് ഒരു പുതുമയുമില്ലാത്ത കാര്യങ്ങളാണ്. കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് കമ്മീഷന്റെ മുമ്പിൽ നടക്കുന്ന കാര്യങ്ങൾ ഒരു ചർച്ചയ്ക്ക് വിധേയമാക്കുന്നത് ശരിയാണോയെന്ന് അങ്ങുതന്നെ ഇവിടെ പരാമർശം നടത്തുകയുണ്ടായി. അദ്ദേഹം ഒന്നുരണ്ടു കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതിൽ 33

സോളാർ തട്ടിപ്പ് കേസുകളിലായി തട്ടിക്കപ്പെട്ടിട്ടുള്ള തുക 6 കോടി രൂപയാണ്. അങ്ങനെയായിരിക്കെ 5.5 കോടി രൂപ മുഖ്യമന്ത്രിക്ക് നല്കിയെന്ന് പറയുന്നത് ആരെങ്കിലും വിശ്വസിക്കുമോ; ഈ തട്ടിപ്പുകേസിലെ മൊത്തം തുകയെന്നു പറയുന്നത് 6 കോടി രൂപയാണ്. 6 കോടി രൂപയുടെ തട്ടിപ്പ് കേസിൽ 5.5 കോടി രൂപ മുഖ്യമന്ത്രിക്ക് നല്കിയെന്നു പറയുന്നത് എത്ര ബാലിശമാണ്. മാത്രമല്ല, ബിജു രാധാകൃഷ്ണനെപ്പോലെ കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട് തട്ടിപ്പ് നടത്തുന്ന ഒരു വ്യക്തിയുടെ ആരോപണം ഈ സഭയിൽ ഉന്നയിക്കുന്നത് പ്രതിപക്ഷത്തിന്റെ പാപ്പരത്തമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു, നമ്മുടെ നാട്ടിൽ ഒരു പുതിയ പ്രവണത വളർന്നു വരികയാണ്.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ...പ്ലീസ്.... ബഹുമാനപ്പെട്ട ജയരാജൻ സംസാരിച്ചപ്പോൾ ഇപ്പുറത്ത് സൈലന്റ് ആയിരുന്നു. (.....ബഹളം....) അദ്ദേഹം ആദ്യത്തെ 15 മിനിറ്റ് വളരെ ക്ലിയറായി സംസാരിച്ചു, ഒരു ശബ്ദവും ഉണ്ടായില്ല. അദ്ദേഹം അവതരിപ്പിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അപ്പുറത്തിരുന്ന് ശബ്ദമുണ്ടാക്കുന്നത് ശരിയല്ല. ദയവായി സഹകരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിൽ ഇപ്പോൾ ഒരു പുതിയ പ്രവണത

വളർന്നു വരികയാണ്. അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. നമ്മളെല്ലാവരും പൊതുപ്രവർത്തകരാണ്. തട്ടിപ്പുകേസിലെ പ്രതികളെ പോലീസ് പിടിക്കുമ്പോൾ അവർ ചില പേരുകളൊക്കെ വിളിച്ചു പറയും. അതെല്ലാം ദൃശ്യമാധ്യമങ്ങളിലൂടെ ബ്രേക്കിംഗ് ന്യൂസായി വരികയാണ്; ഒരു പുതിയ പ്രവണതയാണിത്. പേരുവരുന്ന ആളുകൾ ഇത് എങ്ങനെ ന്യായീകരിക്കുമെന്നുള്ള തത്രപ്പാടിലാണ്; തന്നെയുമല്ല ഇത് പോലീസ് അന്വേഷണത്തെ ബാധിക്കുകയും ചെയ്യുന്നു. ഉന്നതരായ ആളുകളുടെ പേര് വിളിച്ചുപറയുകയാണ്. ഇത് അപകടകരമായ ഒരു പ്രവണതയാണ്. പ്രതിപക്ഷത്താണെങ്കിലും ഭരണപക്ഷത്താണെങ്കിലും ഇതിനെ പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഭരണം മാറിമാറി വരും. ദൃശ്യമാധ്യമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം ഒരു പ്രവണത വളരെ ഗൗരവമായി പൊതുസമൂഹം എടുക്കേണ്ടതാണ്. സമൂഹത്തിൽ മാന്യമായി ജീവിക്കുന്ന ആളുകളെപ്പറ്റി എന്ത് തോന്ന്യവാസവും വിളിച്ചു പറയുക; അതെല്ലാം ബ്രേക്കിംഗ് ന്യൂസാക്കിയാൽ ആരോപണത്തിന് വിധേയരാകുന്ന ആളുകൾക്ക് എന്തു ചെയ്യാൻ കഴിയും?

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ, ദൃശ്യമാധ്യമങ്ങൾ അടിസ്ഥാനരഹിതമായ പല ആരോപണങ്ങളും ഉന്നതരായ ആളുകൾക്കെതിരെ സ്ഥിരമായി കൊടുക്കുന്നു. ഇതിനെ നിയമം കൊണ്ട് തടയാൻ പറ്റുമോ?

ഇതിനെക്കുറിച്ച് ഗവൺമെന്റ് വളരെ സീരിയസായി ആലോചിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് പൊതുജീവിതത്തിൽ നില്ക്കുന്ന ആളുകൾ, രാഷ്ട്രീയ പ്രവർത്തകർ, മാന്യമായി ജീവിക്കുന്ന ആളുകൾ എന്നിവരുടെ കാര്യമാണ് പറയുന്നത്. അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകളുടെ കാര്യമല്ല ഞാൻ പറയുന്നത്.

ശ്രീ. എം. എ. ബേബി: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്; ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞുവെന്നുള്ളതുകൊണ്ട് പറയുന്നതാണ്. വളരെ ലളിതമായ ഒരു ചോദ്യം ഞാൻ ചോദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി അങ്ങ് കമ്മിറ്റികളിലൊക്കെ പല കാര്യങ്ങളും ഒരുമിച്ചിരുന്ന് ചർച്ച ചെയ്തിട്ടുണ്ടാവും. എന്നാൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമായി മാത്രം ഒരു മണിക്കൂർ സമയം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി എപ്പോഴെങ്കിലും തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കിയാൽ നന്നായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു മണിക്കൂർ അല്ല ദിവസങ്ങളോളം ഞങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ഞാൻ 9 വർഷം കെ.പി.സി.സി. പ്രസിഡന്റായിരുന്ന കാലത്ത് എത്രയോ ദിവസം ചർച്ച ചെയ്തിട്ടുണ്ട്. നിങ്ങൾ ചർച്ച ചെയ്യാറില്ലെന്ന് എനിക്കറിയാം. പ്രതിപക്ഷനേതാവുമായി ശ്രീ. എം. എ. ബേബി എന്നെങ്കിലും ഒരു മണിക്കൂർ ചർച്ച ചെയ്തിട്ടുണ്ടോ; 5 മിനിറ്റ് ചർച്ച ചെയ്തിട്ടുണ്ടോ; അതിന്റെ കുഴപ്പമാണ്

ബേബി അനുഭവിക്കുന്നത്. പ്രതിപക്ഷ നേതാവുമായി ചർച്ച ചെയ്യു. ഞാൻ പറഞ്ഞത് പൊതുവായ ഒരു കാര്യമാണ്. തട്ടിപ്പുകേസിലെ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ മാന്യമായി ജീവിക്കുന്ന മന്ത്രിമാരുടെയും നേതാക്കന്മാരുടെയും ഉന്നത ഉദ്യോഗസ്ഥന്മാരുടെയും പേരുകൾ വിളിച്ചു പറയുക; അത് ബ്രേക്കിംഗ് ന്യൂസാക്കുക; ഈ പ്രവണത ശരിയല്ല. ഇത് നിയമംമൂലം നിരോധിക്കണമെന്ന് ഞാൻ പറയുന്നില്ല; എന്നാൽ സമൂഹത്തിനു വരുന്ന ഈ ദുഷിച്ച പ്രവണത അവസാനിപ്പിക്കണം. ആരോപണ വിധേയമാകുന്നവൻ ഓടിനടക്കുകയാണ്; എങ്ങനെയാണ് ഇത് നിഷേധിക്കുന്നത്; അവനും കുടുംബമില്ലേ; അവനും ഈ സമൂഹത്തിൽ ജീവിക്കേണ്ടവനല്ലേ. അതുകൊണ്ട് ഇത് അനാരോഗ്യകരമായ ഒരു പ്രവണതയാണ്; ഈ പ്രവണത തെറ്റാണ് ; ഇത് അംഗീകരിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. മാധ്യമങ്ങൾ ഇക്കാര്യത്തിൽ കുറച്ചുകൂടി ജാഗ്രത പാലിക്കണമെന്നാണ് ഈ സഭയിലൂടെ പൊതുസമൂഹത്തോടും മാധ്യമപ്രവർത്തകരോടും എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ബിജു രാധാകൃഷ്ണന്റെ മൊഴി എടുക്കാൻ തടസ്സപ്പെടുത്തിയെന്ന് ശ്രീ. ഇ. പി. ജയരാജൻ പറയുകയുണ്ടായി. അത് ശരിയല്ല. ദേശാഭിമാനി, മനോരമ എന്നീ രണ്ട് പത്രങ്ങളിൽ വാർത്തകൾ വന്നു. മാധ്യമങ്ങളിൽ വന്നത് ബിജു രാധാകൃഷ്ണനുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സെൻട്രൽ ജയിൽ

സൂപ്രണ്ടിനെതിരെവന്ന വാർത്തയാണ്. 16-ാം തീയതി ദേശാഭിമാനി പത്രത്തിലും 17-ാം തീയതി മനോരമ പത്രത്തിലും വന്നു. ആ വാർത്ത വന്നപ്പോൾത്തന്നെ അതിനെപ്പറ്റി അന്വേഷിച്ചു. ആ റിപ്പോർട്ടിലെ പ്രസക്ത ഭാഗം ഞാൻ വായിക്കാം. "സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ കസ്റ്റഡിക്കും കറക്ഷനുമായി വരുന്ന പ്രതികളെ ഏത് സമയത്തും കാണുന്നതിനുള്ള അധികാരം സൂപ്രണ്ടിനുണ്ട് എന്നതാണ് വസ്തുത. മാത്രമല്ല എല്ലാ തടവുകാരെയും കഴിയുന്നത്ര കാണണമെന്നാണ് നിയമം. ബിജു രാധാകൃഷ്ണന്റെ മൊഴിയിൽ ഇയാളുടെ ആവശ്യപ്രകാരം വ്യക്തിപരമായ മാനസിക സംഘർഷങ്ങൾ കുറയ്ക്കുന്നതിനായി മാത്രമാണ് സൂപ്രണ്ടുമായി സംസാരിച്ചിട്ടുള്ളത്. നിരവധി കോടതികളിൽ കേസുള്ള ഇയാൾക്ക് കേസ് കഴിഞ്ഞ് എത്തുമ്പോൾ പലപ്പോഴും സന്ധ്യകഴിഞ്ഞുള്ള സമയങ്ങളിലാണ് കാണാൻ കഴിഞ്ഞിട്ടുള്ളതെന്ന് മൊഴി നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽനിന്നും നിരവധി തടവുകാരെ സന്ധ്യകഴിഞ്ഞുള്ള സമയങ്ങളിൽ സൂപ്രണ്ട് കണ്ടിട്ടുള്ളതായും കാണുന്നു. മാത്രമല്ല ഒരു നിയമവും സൂപ്രണ്ടിന് ഏത് സമയവും തടവുകാരെ കാണുന്നതിൽ വിലക്കുന്നില്ല. ഏതായാലും നിങ്ങൾ ബിജുരാധാകൃഷ്ണന്റെ മൊഴിയാണല്ലോ ......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ജയിൽ സൂപ്രണ്ടിന് ഏതുസമയത്തും പ്രതിയെ കാണാനും സംസാരിക്കാനുമുള്ള അധികാരമുണ്ട്. ഈയൊരു പ്രതിയെ

മാത്രം തെരഞ്ഞുപിടിച്ച് പോയി കാണാനുള്ള കാരണം എന്തായിരുന്നു?

ശ്രീ. രമേശ് ചെന്നിത്തല: സർ, ജയിൽ സൂപ്രണ്ട് സ്വന്തം ഇഷ്ടപ്രകാരം പോയി കണ്ടതല്ല. പ്രതി കാണണമെന്ന് പറഞ്ഞപ്പോൾ പോയതാണ്. പ്രതി കാണണമെന്നു പറഞ്ഞാൽ സൂപ്രണ്ട് കാണുമെന്ന് അങ്ങേയ്ക്കും അറിയാമല്ലോ. നിങ്ങൾ ആശ്രയിക്കുന്ന ബിജു രാധാകൃഷ്ണന്റെ സ്റ്റേറ്റ്മെന്റ് ഞാൻ വായിക്കാം. "എനിക്ക് കേസിനെ സംബന്ധിച്ച കാര്യങ്ങളോ സോളാർ കമ്മീഷനെ സംബന്ധിച്ച കാര്യങ്ങളോ സൂപ്രണ്ടടക്കം ആരുമായും ചർച്ച ചെയ്യേണ്ട കാര്യമില്ല. എന്റെ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് ഞാൻ മാത്രമാണ്. സോളാർ കേസിനെ സംബന്ധിച്ചോ സോളാർ കമ്മീഷനെക്കുറിച്ചോ ഒരു കാര്യവും ഞാൻ സൂപ്രണ്ടുമായി സംസാരിച്ചിട്ടില്ല" എന്നാണ് അദ്ദേഹം സൂപ്രണ്ടിന് മൊഴി നൽകിയിട്ടുള്ളത്. സൂപ്രണ്ട് ഒരിക്കലും മൊഴി നൽകുന്നതിൽനിന്ന് വിലക്കിയിട്ടില്ല. അദ്ദേഹത്തിന്റെ പേരിൽ ഒരുപാട് കേസുകളുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: സർ, 17, 18 എന്നീ തീയതികളിൽ വൈകുന്നേരം 5 മണി മുതൽ രാത്രി 8 മണിവരെയാണ് സൂപ്രണ്ടുമായി ചർച്ച നടത്തുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് ശരിയാണ്. ജയിലിൽ കിടക്കുന്ന പ്രതികൾക്ക് സൂപ്രണ്ടിനെ കാണണം എന്നു പറഞ്ഞാൽ കാണാൻ അനുവാദമുണ്ട്.

ജയിൽ നിയമങ്ങൾ അത് അനുവദിക്കുന്നുണ്ട്. അങ്ങ് ഇത് വായിച്ചതിനുശേഷം പറയൂ. ഇക്കാര്യങ്ങളൊന്നും അറിയാതെ എന്തിനാണ് അങ്ങ് സംസാരിക്കുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഒരു കാരണവശാലും മൊഴികൊടുക്കുന്നതിൽനിന്ന് ജയിൽ സൂപ്രണ്ട് ആരെയും വിലക്കിയിട്ടില്ല. അതിനെപ്പറ്റി അന്വേഷണം നടത്തിയ റിപ്പോർട്ടാണിത്. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടാണ് റിപ്പോർട്ട് വരുന്നത്. അതുകൊണ്ട് സോളാർ കമ്മീഷന്റെ മുമ്പിൽ ആർക്കും മൊഴികൊടുക്കാവുന്നതാണ്. അതിന് ആരേയും ഗവൺമെന്റ് വിലക്കേണ്ട കാര്യമില്ല. സ്വതന്ത്രവും നീതിപൂർവ്വവുമായ നിലയിൽ കമ്മീഷന്റെ മുമ്പിൽ ആർക്കും മൊഴി കൊടുക്കാനുള്ള അധികാരവും അവകാശവുമുണ്ട്. അതിൽ യാതൊരു തെറ്റുമില്ല. ഇപ്പോൾ സോളാർ കമ്മീഷന്റെ കൈകളിലാണ് കാര്യങ്ങളെല്ലാം. കമ്മീഷൻ വിലയിരുത്തൽ നടത്തട്ടെ, നിഷ്പക്ഷമായി കമ്മീഷൻ ഒരു തീരുമാനത്തിലെത്തട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഇവിടെയൊരു പുകമറ സൃഷ്ടിച്ച്.... ഈ സോളാർ കേസുതന്നെ എത്രതവണ ചർച്ച ചെയ്തതാണ്. അതിന്റെ ആത്യന്തികമായ ഫലമെന്താണ്? ജനങ്ങൾ തീരുമാനിക്കട്ടെയെന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു. ജനങ്ങൾ നിരവധി തവണ ഈ കേസിൽ തീരുമാനമെടുത്തിട്ടുള്ളതാണെന്ന്

പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വളരെ ഗുരുതരമായ ഒരു ആരോപണമാണ് എനിക്കെതിരെ ബിജു രാധാകൃഷ്ണന്റെ പേരിൽ ശ്രീ. ഇ. പി. ജയരാജൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ആരോപണത്തിൽ ഒരു ശതമാനമെങ്കിലും കഴമ്പുണ്ടെങ്കിൽ ഈ സ്ഥാനത്തിരിക്കാൻ ഞാൻ അർഹനല്ലെന്നു മാത്രമല്ല പൊതുപ്രവർത്തന രംഗത്തുപോലും നിൽക്കാൻ അർഹനല്ല. ഞാൻ അത് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. സോളാർ പ്രശ്നം വന്നപ്പോൾ ഒരു തുറന്ന മനസ്സോടുകൂടിയാണ് ഞാനും ഈ ഗവൺമെന്റും പ്രവർത്തിച്ചത്. ഞാൻ ഒരു കാര്യം അന്നും ഇന്നും പറയുന്നു. അന്ന് നിങ്ങൾ സമരവുമായി വന്നപ്പോൾ ജുഡീഷ്യൽ അന്വേഷണത്തിന് തീരുമാനമെടുത്തു. അതിന് സിറ്റിംഗ് ജഡ്ജിയെ കിട്ടുമോ എന്ന് അന്വേഷിച്ചു. ഇതിനുവേണ്ടി രണ്ട് പ്രാവശ്യം കത്ത് എഴുതി. അവസാനം ഹൈക്കോടതിയുടെ ഫുൾ കോർട്ട് മീറ്റിംഗ് കൂടിയിട്ട് അത് പറ്റില്ലെന്നു പറഞ്ഞു. ആ അവസരത്തിലാണ് ജസ്റ്റിസ് ശിവരാജനെ ഉത്തരവാദിത്തം ഏൽപ്പിച്ചത്. ടേംസ് ഓഫ് റഫറൻസിനെക്കുറിച്ച് നിങ്ങളോട് അഭിപ്രായം ചോദിച്ചപ്പോൾ നിങ്ങൾ എഴുതിത്തരുകയും ഞങ്ങൾ അത് പരിഗണിക്കുകയും ചെയ്തു. അത് അതേപടി

അംഗീകരിക്കുന്നതിൽ നമുക്ക് യാതൊരു ബുദ്ധിമുട്ടുമില്ലായിരുന്നു. പക്ഷേ നിങ്ങൾ മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും എന്നുപറഞ്ഞ് നിർത്തിയിരിക്കുകയാണ്. ഈ സഭയിൽപറഞ്ഞ പല ആക്ഷേപങ്ങളും മുഖ്യമന്ത്രിയുടെ ഓഫീസിന്റെ കോറിഡോറിൽ നടന്നുവെന്നും ഞാൻ ലിഫ്റ്റിൽവച്ച് ആരെയോ കണ്ടുവെന്നും പുറത്ത് കാറിലിരുന്ന് സംസാരിച്ചുവെന്നുംമറ്റുമാണ്. അപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ വന്നാൽ, അവർ ഓഫീസിൽ വന്നിട്ടില്ലെന്ന് പറയാൻ പറ്റുമോ; അതുകൊണ്ട് ഇന്നുവരെ ഒരു ജുഡീഷ്യൽ അന്വേഷണത്തിനും വച്ചിട്ടില്ലാത്ത വിധത്തിൽ സോളാർ ആരോപണവുമായി ബന്ധപ്പെട്ട് നിയമസഭയിലും മാധ്യമങ്ങളിലും വന്നിട്ടുള്ള എല്ലാ ആക്ഷേപങ്ങളും കൈകാര്യം ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള ടേംസ് ഓഫ് റഫറൻസാണ്. ശ്രീ. ഇ.പി. ജയരാജൻ അതൊന്ന് വായിച്ചുനോക്കണം. ഇത്രയും വിപുലമായ ഒരു ടേംസ് ഓഫ് റഫറൻസ് ഏതെങ്കിലും ഒരു കമ്മീഷന് ഉണ്ടായിരുന്നോ എന്നും ചോദിക്കണം. എന്നിട്ടും നിങ്ങൾ പിൻമാറി. അതിന് കാരണം പറഞ്ഞത് 'മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും' എന്ന പദപ്രയോഗം ചേർത്തില്ലായെന്നാണ്. ഇതെല്ലാം വരുമെന്ന് ഞാൻ അന്നേ പറഞ്ഞു. അപ്പോൾ കോടതിയെക്കൊണ്ട് ഈ കമ്മീഷനുമുമ്പാകെ ഒരാളൊരു പരാതി കൊടുത്തു. പിന്നീട് കമ്മീഷനാണ് തീരുമാനമെടുത്തതെന്ന് അങ്ങ് പറഞ്ഞത് തെറ്റാണ്. ഈ

ആരോപണങ്ങളിൽ മുഖ്യമന്ത്രിയുടെ ഓഫീസും മുഖ്യമന്ത്രിയും വരുമോ? നിയമസഭയിലും പുറത്തും പറഞ്ഞതെല്ലാം വരുമെന്നാണ് കമ്മീഷൻ പറഞ്ഞത്. ശ്രീ. ഇ. പി. ജയരാജൻ സി.സി.ടി.വി. ക്യാമറയുടെ കാര്യം പറഞ്ഞു. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് അത് സ്ഥാപിച്ചത്. സ്ഥാപിക്കുമ്പോൾ തന്നെ 14 ദിവസത്തെ ദൃശ്യങ്ങളെ കിട്ടുകയുള്ളൂ, അതുകഴിഞ്ഞാൽ അത് ഡിലീറ്റ് ചെയ്തു പോകും. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നതാണ്, ഞാനാണോ അതിന് ഉത്തരവാദി? എന്നിട്ടും സി.സി.ടി.വി. പിടിച്ചെടുക്കണമെന്ന് നിങ്ങളുടെ ഒരു നേതാവ് പറഞ്ഞപ്പോൾ, ഇതാണ് സ്ഥിതി അങ്ങ് ഒരു ടെക്നിക്കൽ മെമ്പറെ സജസ്റ്റ് ചെയ്താൽ ഗവൺമെന്റിന്റെ പ്രതിനിധിയും അങ്ങയുടെ പ്രതിനിധിയും കൂടി ഇത് പരിശോധിക്കാൻ തയ്യാറാണെന്ന് പറഞ്ഞ് ഞാൻ അപ്പോൾ തന്നെ കത്ത് അയച്ചു. ആ കത്തിന് പിന്നീട് മറുപടി കിട്ടിയിട്ടില്ല. ഇന്ന് ശ്രീ. ബിജു രാധാകൃഷ്ണൻ ഒരു വെളിപ്പെടുത്തൽ നടത്തി. ഇതിനുമുൻപൊന്നും പറയാത്ത കാര്യങ്ങളാണ്. അദ്ദേഹത്തിന് നിരവധി കോടതികളിൽ കൊലക്കേസ് ഉൾപ്പെടെ അറുപതോളം കേസുകളുണ്ടെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. 58 കേസുകളുണ്ടെന്നാണ് എനിക്ക് കിട്ടിയ വിവരം. ഇതിനുവേണ്ടി കാസർഗോഡ് മുതൽ തിരുവനന്തപുരം

വരെയുള്ള 100 കണക്കിന് കോടതികളിൽ നിരവധി പ്രാവശ്യം അദ്ദേഹത്തെ ഹാജരാക്കി. പത്രക്കാരോട് ഇദ്ദേഹം പലപ്രാവശ്യം സംസാരിച്ചു. അന്നൊന്നും പറഞ്ഞിട്ടില്ല. നിരവധി സന്ദർശകർ ജയിലിൽ പോയി കണ്ടിട്ടുണ്ട്. അവരോടും പറഞ്ഞിട്ടില്ല. 28.06.2014-ലാണ് ജസ്റ്റിസ് ശിവരാജൻ കമ്മീഷനിൽ ബിജു രാധാകൃഷ്ണനെ ആദ്യമായി ഹാജരാക്കുന്നത്. എനിക്ക് ചില തെളിവുകളൊക്കെ ഹാജരാക്കാനുണ്ട്, ഞാൻ അത് ഉടനെ ഹാജരാക്കുന്നതാണെന്ന് അദ്ദേഹം ഒരു സൂചന കൊടുത്തു. അതൊരു ക്ലൂ ആയിരുന്നു. ആരെങ്കിലും അദ്ദേഹത്തെ സമീപിക്കുന്നെങ്കിൽ സമീപിക്കണം, അദ്ദേഹത്തിന്റെ കയ്യിൽ എന്തൊക്കെയോ ഉണ്ട്. ഏതായാലും അങ്ങനെയൊന്ന് പറഞ്ഞു. പിന്നീട് 17.11.2015-ലാണ് ഇദ്ദേഹത്തെ മൊഴിയെടുക്കാൻ ഹാജരാക്കുന്നത്. എനിക്ക് മാനസിക സംഘർഷമുണ്ടെന്നും ഇന്ന് മൊഴി നൽകാൻ സാധിക്കില്ലായെന്നും അന്ന് അദ്ദേഹം പറഞ്ഞു. ഇരുപത്തിമൂന്നാം തീയതി എന്റെ ജാമ്യത്തിന്റെ കേസ് ഹൈക്കോടതിയിൽ വരുന്നുണ്ട്. അതുകഴിഞ്ഞൊരു തീയതി നിശ്ചയിക്കണമെന്ന് പറഞ്ഞു. ഞാൻ ചിലതൊക്കെ വെളിപ്പെടുത്തും, വെളിപ്പെടുത്തിയാൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ രാജി വയ്ക്കേണ്ടി വരുമെന്ന് അദ്ദേഹം പറഞ്ഞു. കുറച്ചുകൂടി ഭീഷണിയുടെ സ്വരത്തിൽ വന്നു. ഇരുപത്തിമൂന്നാം തീയതി അദ്ദേഹത്തിന്റെ കേസ് ഹൈക്കോടതി

എടുത്തു. അതു സംബന്ധിച്ചൊരു വിധി പറഞ്ഞില്ലെങ്കിലും അദ്ദേഹത്തിന് ഒരിക്കലും ജാമ്യം കിട്ടില്ലായെന്നാണ് അവിടെനിന്ന് കിട്ടിയ സൂചന. കാരണം ക്രൂരമായ ഒരു സംഭവം ഏറ്റവും ഫലപ്രദമായ രീതിയിൽ അന്വേഷിച്ച് കേസ് നടത്തിയതിന്റെ ഫലമായി അത് വന്നിരിക്കുകയാണ്. അദ്ദേഹത്തെ വീണ്ടും ഹാജരാക്കിയപ്പോൾ അദ്ദേഹത്തിന് ആരോഗ്യപ്രശ്നമുണ്ടെന്ന് പറഞ്ഞു. ഉടൻ തന്നെ കമ്മീഷൻ ആശുപത്രിയിലേയ്ക്ക് അയപ്പിച്ചു. അപ്പോൾ ഒരു ആരോഗ്യപ്രശ്നവുമില്ലെന്ന് പറഞ്ഞ് തിരിച്ചു കൊണ്ടുവന്നു. എങ്ങനെയെങ്കിലും ഇത് വീണ്ടും നീട്ടി വയ്ക്കാൻ ശ്രമിക്കുകയാണ്. കമ്മീഷൻ വളരെ കർക്കശമായ നിലപാട് സ്വീകരിച്ചതിനെത്തുടർന്നാണ് അദ്ദേഹം ഈ വെളിപ്പെടുത്തൽ നടത്തിയത്. അറസ്റ്റ് ചെയ്ത അന്നുമുതൽ നിരവധി അവസരങ്ങൾ കിട്ടിയിട്ടും ചില സൂചനകൾ പറഞ്ഞിട്ടും ഇതുപോലൊരു കാര്യം പറഞ്ഞില്ല. കാരണം ആരെങ്കിലും വരും, വന്ന് എന്നെ രക്ഷപ്പെടുത്തണമെന്ന സൂചന വച്ചിട്ടുള്ള ഒരു നടപടിയായിരുന്നു. ഈ ബിജു രാധാകൃഷ്ണൻ ആരാണ്? അദ്ദേഹം നിരവധി കേസുകളിലെ പ്രതിയാണ്. സ്വന്തം ഭാര്യയെ കൊന്ന കേസിലാണ് ശിക്ഷിക്കപ്പെട്ട് അദ്ദേഹം ജയിലിൽ കിടക്കുന്നത്. ഇവിടെ ഒരു കേസിൽ കൂടി അദ്ദേഹത്തെ ശിക്ഷിച്ചു. ആ കേസിന്റെ വിധിയിൽ വന്നിരിക്കുകയാണ്, " He told him that he is an IPS Officer of 1996 and his

posting was as Nadapuram ASP and now he is on leave. He got Ph.D in Solar energy from London. He is one of the person who got Doctorate in Solar energy in India. He also told him that he is the Technical Advisor of Chief Minister Narendra Modi in Gujarath. ജഡ്ജ്മെന്റിനകത്ത് വന്നിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ, മൊഴി വന്നിരിക്കുകയാണ്. അങ്ങനെയുള്ള ആൾ ആർക്കൊക്കെ എതിരായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഈ കൊലക്കേസ് സമർത്ഥമായി അന്വേഷിച്ച ഡിവൈ.എസ്.പി. ക്ക് എതിരെ. ഇത് 498 (എ) പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ആയിരുന്നു. നിങ്ങളുടെ അഞ്ചു കൊല്ലവും 498 (എ)-യിൽ ആണ് കിടന്നത്. ഈ ഗവൺമെന്റ് വന്ന് പ്രത്യേക ടീമിനെ വച്ച് അന്വേഷിച്ചു. അങ്ങനെയാണ് ഇത് എല്ലാ തെളിവുകളോടും കൂടി കൊലക്കേസായി മാറുന്നത്. ആ അന്വേഷണം നടത്തിയ ഡിവൈ.എസ്.പി. ക്കെതിരെ. രണ്ടാമത് കോടതിയിൽ ഈ കേസ് ഏറ്റവും സമർത്ഥമായി നടത്തിയ അഡ്വക്കേറ്റിനെതിരെ. ആ കുടുംബത്തിന്റെ ആവശ്യപ്രകാരം സ്പെഷ്യൽ പ്രോസിക്യൂട്ടറെയാണ് വച്ചിരുന്നത്. ആ പ്രോസിക്യൂട്ടർക്കെതിരെ പ്രതികരണം. ജീവപര്യന്തം ശിക്ഷ നൽകിയ ജഡ്ജിക്കെതിരായി പോലും പറയുകയാണ്. തനിക്ക് ആരോടൊക്കെ എതിർപ്പുണ്ടോ

അവരോടൊക്കെ എതിർപ്പ് പ്രകടിപ്പിക്കുന്ന ഒരു സാഹചര്യമാണ്. എന്നോടുള്ള എതിർപ്പിന്റെ കാരണം അറിയാമല്ലോ? അദ്ദേഹം 498 (എ) കേസിൽ പ്രതിയായി ജാമ്യം എടുത്ത് സ്വതന്ത്രമായി തട്ടിപ്പ് നടത്തിക്കൊണ്ടിരിക്കുന്നിടത്ത് നിന്ന് പിടിച്ച് അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്നതിന്റെ പേരിൽ സ്വാഭാവികമായിട്ടും അതിനുള്ള വിരോധം കാണും. ബിജു രാധാകൃഷ്ണനുമായിട്ടുള്ള കൂടിക്കാഴ്ചയെക്കുറിച്ച് ഇവിടെ പറഞ്ഞു. അന്ന് ബിജു രാധാകൃഷ്ണനല്ല അദ്ദേഹം. ഡോ. ആർ.ബി. നായർ.....

<u>ശ്രീ. സി. ദിവാകരൻ</u>: അയാൾ തന്നെയാണോ ഇയാൾ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: അതെ. ആർ. ബി. നായരായിട്ടാണ് നരേന്ദ്ര മോഡിയുടെ അഡ്വൈസർ എന്നുപറഞ്ഞത്. സിവിൽ സർവ്വീസ് അക്കാഡമിയിൽ ഐ.എ.എസ്. കോച്ചിംഗിന് ചേർന്നു. അദ്ദേഹം ഡിഗ്രി പോലും പാസായിട്ടില്ല. ഇവിടത്തെ സിവിൽ സർവ്വീസ് അക്കാഡമിയിൽ കയറിയതാണ്. ഒരു കമ്പനിയുടെ എം.ഡി.ക്ക് കാണാൻ സമയം കൊടുക്കണമെന്ന് ശ്രീ. എം. ഐ. ഷാനവാസ് എം.പി. എന്നെ വിളിച്ചിട്ട് പറഞ്ഞു. ഞാൻ അന്ന് എറണാകുളത്തുണ്ട് കാണാമെന്ന് പറഞ്ഞു. അദ്ദേഹം വന്നു. അദ്ദേഹത്തിന്റെ കൂടെ ഒരാൾ കൂടെ ഉണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും കൂടി ഇരുന്ന് സംസാരിച്ചു. രഹസ്യ സ്വഭാവമുള്ള കാര്യമാണ് അദ്ദേഹം സംസാരിച്ചത്. അത്

വെളിപ്പെടുത്തണമെന്ന് നിങ്ങൾ പറഞ്ഞു. എന്റെ മാന്യത കൊണ്ട് ഞാൻ അത് ചെയ്തില്ല. ഇപ്പോൾ ഞാൻ പ്രതിക്കൂട്ടിൽ നിൽക്കുകയാണല്ലോ; നിങ്ങൾ വീണ്ടും എന്താണെന്ന് ചോദിക്കുന്നുണ്ടല്ലോ? എന്നാലും എന്റെ മാന്യത വച്ചുകൊണ്ട് ഞാൻ പറയില്ല. പക്ഷെ എനിക്കൊരു ഭാഗ്യമുണ്ട്. എനിക്ക് അറിയാത്തൊരാൾ ഇദ്ദേഹത്തിന്റെ കൂടെ കയറി വന്നു. ആരാണെന്ന് പോലും എനിക്കറിയില്ല. ഈ കുടിക്കാഴ്ച സംബന്ധിച്ച് വിവാദം വന്നപ്പോഴാണ് ഈയാൾ ആരാണെന്ന് മനസ്സിലാകുന്നത്. അദ്ദേഹം അതുസംബന്ധിച്ച് കമ്മീഷനിൽ മൊഴി നൽകിയിട്ടുണ്ട്. എന്റെ നാവിൽ നിന്നും ബി.ആർ. നായർ എന്തു പറഞ്ഞുവെന്നുള്ളത് വരില്ല. പക്ഷെ അദ്ദേഹം കൊണ്ടുവന്ന ആൾ ഇതുസംബന്ധിച്ച് കമ്മീഷനിൽ മൊഴി നൽകിയിട്ടുണ്ട്. ഇവിടെ സോളാറിന്റെ പ്രശ്നം വന്നപ്പോൾ ഏറ്റവും അധികം ചർച്ച ചെയ്യപ്പെട്ട വിഷയം ലെറ്റർ പാഡിനെ സംബന്ധിച്ചാണ്. എന്റെ കത്ത് ഉപയോഗിച്ച് ഇവർ സ്വാധീനം നടത്തിയെന്നാണ്. അത് അന്വേഷിച്ചപ്പോൾ ആ ലെറ്റർ പാഡ് കൃത്രിമമായി ഉണ്ടാക്കിയതാണ്. നിങ്ങൾ സമ്മതിച്ചില്ല, എന്നെ വിശ്വസിച്ചില്ല. മറിച്ച് ഇത് കൃത്രിമമായി ഉണ്ടാക്കിയതല്ല യഥാർത്ഥത്തിലുള്ളതാണ് എന്ന് പറഞ്ഞു. പോലീസ് കേസ് എടുത്തു. ആ ലെറ്റർ പാഡ് ഉണ്ടാക്കിയ സ്ഥാപനം റെയ്ഡ് ചെയ്ത് ആളെ അറസ്റ്റ് ചെയ്തു. ബിജു രാധാകൃഷ്ണനെ പ്രതിയാക്കി കേസ് കൊടുത്തു. ആ കേസിൽ

ആറു വർഷത്തേയ്ക്ക് ശിക്ഷിച്ചിരിക്കുകയാണ്. ആ വിധിയിലാണ് ഇദ്ദേഹം നടത്തിയിട്ടുള്ള ആൾമാറാട്ടത്തെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ പുറത്തറിയുന്നത്. ഞാൻ വേണമെങ്കിൽ ഒരു കോപ്പി നിങ്ങൾക്കു കൂടി തരാം. നിങ്ങൾ ഇവിടെ പറഞ്ഞല്ലോ ഈ കാലഘട്ടം മുഴുവൻ ബിജുരാധാകൃഷ്ണൻ ഇങ്ങനെ വിലസുകയായിരുന്നുവെന്ന്. എന്റെ ഓഫീസിൽ നിന്നും ഒരു ലെറ്റർ പാഡ് കിട്ടാൻപോലും അദ്ദേഹത്തിന് സാധിക്കാതെ വന്നപ്പോഴാണല്ലോ കൃത്രിമമുണ്ടാക്കിയത്. അതിനുപോലുമുള്ള സ്വാധീനം അവർക്കില്ല. എന്നോട് അത്ര അടുപ്പമുള്ള ആളായിരുന്നെങ്കിൽ ഷാനവാസ് വഴി അപ്പോയിന്റ്മെന്റ് വാങ്ങേണ്ട കാര്യമുണ്ടോ? ഇതൊക്കെ തട്ടിപ്പിന്റെ വിശ്വരൂപം വെളിപ്പെടുത്തുകയല്ലേ? എന്നോട് അടുപ്പവും വളരെയേറെ സ്വതന്ത്രമായി കാര്യങ്ങൾ ചർച്ച ചെയ്യുന്നുവെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നുവെങ്കിൽ എന്തുകൊണ്ട് അദ്ദേഹത്തിന് ഷാനവാസുവഴി അപ്പോയിന്റ്മെന്റ് വാങ്ങിയത്. അത് അദ്ദേഹവും പറയുന്നുണ്ട്. അദ്ദേഹത്തിന്റെ കൂടെ വന്ന ശിവദാസനും ഷാനവാസും പറയുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ: ആരാണ് ശിവദാസൻ?

ശ്രീ. ഉമ്മൻചാണ്ടി: വദാസൻ എന്നുപറഞ്ഞ മാതൃഭൂമിയിലെ ഒരു ഉദ്യോഗസ്ഥൻ ഇദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. ഒരു അപ്പോയിന്റ്മെന്റിനു പോലും അദ്ദേഹം

വേറെ ആളിനെക്കൊണ്ടാണ് വിളിച്ചുപറയിപ്പിക്കുന്നത്. ഒരു ലെറ്റർപാഡിന്റെ കോപ്പിപോലും കിട്ടാത്ത സ്ഥിതിയാണ്. ഒരു കാര്യം, 28.6.2014 - ൽ തന്റെ അടുത്ത് തെളിവുണ്ട് എന്ന് പറഞ്ഞിട്ട് അന്നുമുതൽ ഇങ്ങോട്ടുള്ള ഈ കാലഘട്ടമത്രയും അതൊന്നും കൊണ്ടുവരാതെ, അദ്ദേഹം ഒഴിഞ്ഞുമാറി, അദ്ദേഹത്തിന് ഇനിയും ചാൻസ് തരില്ല this is your last chance എന്ന് കമ്മീഷൻ പറഞ്ഞപ്പോൾ പറഞ്ഞ കാര്യമാണ്. ഇതിന്റെ സാഹചര്യങ്ങൾ കൂടി നിങ്ങൾ മനസിലാക്കണം. സ്വന്തം ഭാര്യയെക്കൊന്ന കേസിൽ രക്ഷപ്പെട്ട് നടന്ന ആളിനെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന്, ആ നിയമത്തിന്റെ ശിക്ഷ വാങ്ങി ജയിലലടച്ചു എന്ന അഭിമാനവും ഈ ഗവൺമെന്റിനുണ്ട്. അതിന് ഇതുപോലൊരു വില കൊടുക്കേണ്ടി വന്നതിൽ എനിക്ക് ഒരു ദുഃഖവുമില്ല. ബ്ലാക് മെയിൽ ചെയ്യാൻ പരമാവധി ശ്രമിച്ചുനോക്കി. അതിന്റെ മുമ്പിലും ഞാൻ വഴങ്ങിയില്ല. ഇതൊക്കെ സാഹചര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ നിങ്ങളുടെ മുന്നിൽ പറഞ്ഞുവെന്നേയുള്ളൂ. ഈപ്പറഞ്ഞ ആരോപണങ്ങൾ ഒന്നും ഞാൻ ഈ വാക്കുകൾ കൊണ്ട് പ്രതിരോധിക്കാൻ ഉദ്ദേശിക്കുന്നില്ല. എനിക്ക് ഒരു വലിയ ഭാഗ്യം വന്നിട്ടുണ്ട്. ഞാൻ ഒരു ഈശ്വരവിശ്വാസിയാണ്. ശരി ചെയ്താൽ അംഗീകാരം കിട്ടും. തെറ്റുചെയ്താൽ ശിക്ഷ ലഭിക്കും. ഇന്ന് ഇപ്പോൾ എന്താണ് എനിക്കെതിരെ വന്നിട്ടുള്ള ഏറ്റവും വലിയ

കാര്യം? ബിജുരാധാകൃഷ്ണനുമായുള്ള കൂടിക്കാഴ്ച. അവിടെയൊരു ശിവദാസൻ വന്നുപെട്ടു. ആരാണെന്നുപോലും എനിക്കറിയില്ല. ഇപ്പോൾ ഏറ്റവും ഒടുവിൽപ്പറഞ്ഞ പുതിയ ആരോപണം. സരിതയെ അറസ്റ്റ് ചെയ്ത ജൂൺ മൂന്നാം തീയതിക്കും ബിജുരാധാകൃഷ്ണനെ അറസ്റ്റ് ചെയ്ത ജൂൺ 16-ാം തീയതിക്കുമിടയ്ക്ക് ബിജുരാധാകൃഷ്ണൻ തിരുവനന്തപുരത്ത് വന്ന് എന്നെ കണ്ടു. ഇവിടെ അസംബ്ലി കൂടുകയാണ്. സോളാർ ഇഷ്യൂ ആളിക്കത്തുകയാണ്. ആ സമയത്ത് വന്നുകണ്ടു. അവിടെയും എനിക്കൊരു തെളിവ് കിട്ടുകയാണ്. അദ്ദേഹത്തിന്റെ ടെലിഫോൺ ടവർ ലൊക്കേഷൻ ആ ദിവസങ്ങളിൽ കേരളത്തിനകത്തേയല്ല. കോയമ്പത്തൂർ നിന്ന് 16-ാം തീയതി അറസ്റ്റ് ചെയ്യുകയും ചെയ്തു. .....(ബഹളം)....അതെ. ഞാൻ പറഞ്ഞത് ഇതാണ്. പിന്നത്തെ എന്റെ ....ശ്രീ. കോടിയേരി ബാലകൃഷ്ണൻ .... ഏറ്റവും ആശ്വാസകരമായ സംഗതി ഇദ്ദേഹം പറഞ്ഞു, എനിക്ക് ഇതിനെല്ലാം തെളിവുണ്ട്. സി.ഡി. ഉണ്ട്, അത് ഞാൻ ഹാജരാക്കും എന്നാണ്. സി.ഡി. ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. സത്യം പുറത്തുവരട്ടെ. പക്ഷേ നിങ്ങൾ ഒന്ന് ധരിക്കണം, ഇതുവരെ ഇത് പറഞ്ഞ് എന്നെ ബ്ലാക്ക്മെയിൽ ചെയ്യാനാണ് ശ്രമിച്ചത്. അതിന് ഞാൻ വഴങ്ങിയില്ല. തെളിവ് കൊണ്ടുവന്നാൽ അവിടം കൊണ്ട് നിങ്ങളുടെ പണി എളുപ്പത്തിലാകും. വളരെ എളുപ്പത്തിലാകും. അതുകൊണ്ട് ഈ സി.ഡി. ബിജുരാധാകൃഷ്ണൻ ഹാജരാക്കണം.

ഹാജരാകുന്നില്ലെങ്കിൽ നിയമപരമായ രീതിയിൽ അത് എടുക്കണം എന്നുള്ള അഭിപ്രായമാണ് എനിക്ക് വ്യക്തമായിട്ടുള്ളത്. വിദ്യാർത്ഥിജീവിതം മുതൽ ഞാൻ കഴിഞ്ഞ 55 വർഷക്കാലമായി പൊതുപ്രവർത്തനരംഗത്തുണ്ട്. ഞാൻ ഒന്നും ഒളിച്ചുകഴിയുന്ന ആളല്ല. എന്റെ ജീവിതം പൊതുപ്രവർത്തനരംഗത്ത് എപ്പോഴും ഒരു തുറന്ന പുസ്തകമാണ്. ആ കാര്യങ്ങൾ എല്ലാം ഏതുവിധത്തിൽ പരിശോധിക്കുന്നതിനും ഒരു വിരോധവുമില്ല. അതുകൊണ്ടാണ് സോളാർ ഇഷ്യൂ വന്നപ്പോൾ യാതൊരുവിധ തടസങ്ങളുമില്ലാതെ വിപുലമായ ഒരു അന്വേഷണം പ്രഖ്യാപിച്ചത്. എനിക്ക് നിങ്ങളോടും പരിഭവമില്ല. പക്ഷേ നിങ്ങളൊന്ന് ആലോചിക്കണം. ആഭ്യന്തരമന്ത്രിയും പറഞ്ഞവസാനിപ്പിച്ചത് അവിടെയാണ്. നിങ്ങളൊന്ന് ആലോചിക്കണം. ഇതുപോലുള്ള പ്രശ്നങ്ങൾ വരുമ്പോൾ യാതൊന്നും ആലോചിക്കാതെ ആക്ഷേപങ്ങൾ ഉന്നയിക്കുന്നത് നമുക്ക് ഗുണകരമാണോ; ഞാൻ വീണ്ടും പറയുന്നു. ഇതുപോലുള്ള ആക്ഷേപങ്ങൾ ശരിയാണെങ്കിൽ അതിന്റെ ഒരു ശതമാനം ശരിയാണെങ്കിൽ എനിക്ക് പൊതുപ്രവർത്തനത്തിൽ നിൽക്കാൻപോലും അവകാശമില്ല. പക്ഷേ അത് ഒരുവിധത്തിലും, ന്യായീകരിക്കാൻ, ഒരു വിധത്തിലും സത്യമല്ലെങ്കിൽ അത് ചെയ്യുന്നത് ഒരു വ്യക്തിയോടുമാത്രമല്ല ഒരു വ്യവസ്ഥിതിയോടാണ്, ഒരു സ്റ്റേറ്റിനോടാണ്. നിങ്ങൾ അത് ആലോചിക്കണം.

നിങ്ങൾ എന്നെ അപമാനിച്ചുവിടണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ ഞാൻ പറയുന്നു ഞാൻ പോകുമ്പോൾ ഇതുപോലുള്ള എല്ലാ വിധത്തിലുള്ള ബ്ലാക്മെയിലിങ്ങിനെയും അതിജീവിച്ചുകൊണ്ട് നീതി നടപ്പിലാക്കിയതിന്റെ പേരിൽ ഇത്ര വലിയ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും നേരിട്ട ഒരു മുഖ്യമന്ത്രി എന്ന നിലയിലായിരിക്കും ഞാൻ പോകുന്നത്. അല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ അപമാനിതനായി എന്നെ വിടാൻ സാധിക്കില്ല. എന്താണ്? ഇത് പറയുന്നത് എന്റെ മനഃസ്സാക്ഷിയുടെ ശക്തിയാണ്.  തെറ്റ് ചെയ്തിട്ടില്ല, നീതി ചെയ്തു. ബ്ലാക്മെയിലിങ്ങിന് ശ്രമിച്ചപ്പോൾ അതിനെ തടുത്തുനിർത്തി എന്നുള്ള ശക്തികൊണ്ടാണ് ഞാൻ പറയുന്നത്. ഈ കൂട്ടത്തിൽ പലരുടെയും പേര് പറഞ്ഞിട്ടുണ്ട്. അവരൊക്കെ നിരപരാധികളാണ്. അതിന്റെ ഒരു തെളിവ് ഞാനാണ്. ജൂൺ മൂന്നിനും പതിനാറിനും ഇടയ്ക്ക് എന്നെ കണ്ടു സി.ഡി. കാണിച്ചുവെന്ന്. അങ്ങനെ അയാൾ ഇവിടെ വന്നിട്ടുപോലുമില്ല. കേരളത്തിൽപ്പോലും ഇല്ല. കേരളത്തിന് പുറത്താണ്. അപ്പോൾ ആ പറഞ്ഞിട്ടുള്ള നേതാക്കന്മാർ  ജനപ്രതിനിധികൾ ഒന്നുംതന്നെ ഇതിനകത്ത് യാതൊരു വിധത്തിലുള്ള കുറ്റവും ചെയ്തിട്ടില്ല, മറിച്ച് ഒരു കൊലക്കേസ്സിലെ പ്രതി കയ്യും കാലും ഇട്ട് അടിക്കുന്ന, എങ്ങനെയെങ്കിലും രക്ഷപ്പെടാൻ മാർഗ്ഗമുണ്ടോ എന്ന് നോക്കുകയാണ്. ഇവിടെ നീതിയുടെ കരങ്ങൾ

ശക്തമാണ്. അങ്ങനെ തെറ്റ് ചെയ്യുന്നവർ ജയിലിനുള്ളിലായിരിക്കും. യാതൊരു സംശയവുമില്ല. ഈ ആക്ഷേപങ്ങൾ വളരെ വേദനാജനകമായിപ്പോയി. എന്നാലും ഇതിന്റെ സ്ഥിതി എല്ലാം പരിശോധിക്കുന്ന കമ്മീഷനുണ്ട്. കമ്മീഷൻ പരിശോധിച്ചുനോക്കട്ടെ. ഞാൻ നിങ്ങൾ പറഞ്ഞ എല്ലാകാര്യങ്ങളും നിഷേധിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട ഇ.പി. ജയരാജൻ സോളാർ കേസ്സുമായി ബന്ധപ്പെട്ട് എന്റെ പേര് പറഞ്ഞതുകൊണ്ട് ഞാൻ ഒരു കാര്യം പറയുകയാണ്. ഞാൻ പറയുന്നത് എനിക്കുവേണ്ടിയോ എന്റെ സഹപ്രവർത്തകർക്കുവേണ്ടിയോ അല്ല. പൊതുരംഗത്ത് നിൽക്കുന്ന നല്ല മനസ്സുള്ള എല്ലാവർക്കും വേണ്ടിയാണ് ഞാൻ മറുപടി പറയാൻ ഉദ്ദേശിക്കുന്നത്. ഇന്നലെ എന്നെപ്പറ്റിയുള്ള ചില വാർത്തകൾ വന്നപ്പോൾ എനിക്ക് ഒരു കുറ്റബോധം തോന്നി. കാരണം ഈ ദിവസങ്ങളത്രയും എന്റെ സഹപ്രവർത്തകരായ പലരുടെയും പേര് വന്നപ്പോൾ എന്തെങ്കിലുമൊക്കെ ഉണ്ടല്ലോ എന്നൊരു സംശയം എന്റെ മനസ്സിലും തോന്നി. സത്യമാണ്. ഇന്നലെ എന്റെ പേര് പരാമർശിക്കപ്പെട്ടപ്പോഴാണ് ഇങ്ങനെയുള്ള നിരപരാധികളെ എങ്ങനെ ക്രൂശിക്കുന്നുവെന്ന്..... എന്റെ പേര് പരാമർശിച്ച് ചില കാര്യങ്ങൾ വന്നു.

വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പക്ഷേ ഒരു കാര്യം ഈ സഭയിൽ പറയാം. ജീവിതത്തിൽ ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത, ഒരിക്കൽപ്പോലും സംസാരിച്ചിട്ടുപോലുമില്ലാത്ത ഒരു വ്യക്തിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് എന്റെ പേരിൽ വന്നിരിക്കുന്നത്. ഇവിടെയുള്ള ആരെങ്കിലും ഞാൻ ഒരിക്കൽപ്പോലും സംസാരിച്ചിട്ടുണ്ടെന്നോ കണ്ടിട്ടുണ്ടെന്നോ ഉള്ളതിന്റെ എന്തെങ്കിലുമൊരു രേഖ ഹാജരാക്കിക്കഴിഞ്ഞാൽ മന്ത്രിസ്ഥാനം മാത്രമല്ല.... ആർക്കെങ്കിലും അത് സാധിച്ചാൽ ആ നിമിഷം മന്ത്രിസ്ഥാനം മാത്രമല്ല എം.എൽ.എ. സ്ഥാനവും ഞാൻ രാജിവയ്ക്കും, പൊതു പ്രവർത്തനവും അവസാനിപ്പിക്കും. മുഖ്യമന്ത്രി പറഞ്ഞകാര്യം ഞാനും പറയുന്നു. ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. ഒരിക്കൽപ്പോലും സംസാരിച്ചിട്ടുണ്ട് എന്നുള്ളതിന് ഒരു തെളിവ് തന്നുകഴിഞ്ഞാൽ ആ നിമിഷം അത് അവസാനിപ്പിക്കും. പിന്നെ എന്ത് വേണമെന്ന് ആലോചിച്ചു. നിയമപരമായ നടപടിയെക്കുറിച്ച് ആലോചിച്ചു. ജീവപര്യന്തം ശിക്ഷിച്ചു കിടക്കുന്നവന്റെ പുറത്ത് ഇനി എന്ത് നടപടിയാണ്; ഇതിനെക്കാൾ കൂടുതൽ തൂക്കിക്കൊല്ലാൻ മാത്രമേ പറ്റുകയുള്ളൂ. മാനനഷ്ടക്കേസ്സ് കൊടുത്താൽ ഒരാളെ തൂക്കിക്കൊല്ലുകയില്ല. അത്

സാദ്ധ്യമല്ല. പക്ഷേ അതോടൊപ്പം തന്നെ ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നത് ഇത് പൊതുപ്രവർത്തകർക്കുള്ള പോരാട്ടമാണെങ്കിൽ തന്നെ സോളാർ കേസ്സിൽ ഞാനും കക്ഷി ചേർന്നുകൊണ്ട് ആ സി.ഡി. ഹാജരാക്കാൻ ആവശ്യപ്പെട്ടുകയും.... ഒരു ബിജുരാധാകൃഷ്ണൻ അല്ല ഇതിലെ പ്രശ്നം. ഇതിന്റെ പിന്നിൽ ആരാണെന്നാണ് കേരളം അറിയേണ്ടത്, പൊതുരംഗത്ത് നിൽക്കുന്നവർ അറിയേണ്ടത്. ഞാൻ ഒരിക്കലും പറയുന്നില്ല. നിങ്ങളാണെന്ന്, നിങ്ങളുടെ കൂട്ടത്തിൽ ഒരാളും ആ മാന്യത ഇല്ലാത്ത പ്രവൃത്തി കാണിക്കില്ല. പക്ഷേ ആ മാന്യത ഇല്ലാത്തവരുണ്ട്. അതാരാണെന്ന് നമുക്ക് കണ്ടുപിടിക്കണം. നമുക്ക് കൂട്ടായി കണ്ടുപിടിക്കണം. .....(ബഹളം).......ശ്രീ. ശിവൻകുട്ടീ, താങ്കളല്ല. അതാണ് ഞാൻ പറഞ്ഞത് സോളാർ കേസ്സിൽ കക്ഷി ചേരുന്നതുവഴി ...ഇതിലാരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്, ഇപ്പോൾത്തന്നെ ഏകദേശം എല്ലാവർക്കും അറിയാം. വേണമെങ്കിൽ ചില ക്ലൂവും തരാം. വേണ്ട. അതുപോകട്ടെ. അതിലേയ്ക്ക് പോകുന്നില്ല. ഈ അന്തരീക്ഷം കൂടുതൽ മലീമസമാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഇത്തരത്തിൽ നാളെ.... ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി

പറഞ്ഞകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. പൊതുരംഗത്ത് നിന്നുപോയതുകൊണ്ടുമാത്രം മാധ്യമങ്ങളോട്..... പ്ലീസ്.... ഞാൻ വളരെ സീരിയസ്സായിട്ടുള്ള കാര്യമാണ് പറയുന്നത്.

ശ്രീ. സി. ദിവാകരൻ: ഗൗരവമായ കാര്യമാണ് അങ്ങ് പറയുന്നത്. ആരാണ് ഗൂഢാലോചന നടത്തിയത്?

ശ്രീ. വി. എസ്. സുനിൽകുമാർ: പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ഷിബു ബേബി ജോൺ: ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീ. സുനിൽകുമാർ മനുഷ്യത്വം കാണിക്കണം. നിങ്ങൾക്കുമൊക്കെ കുടുംബം ഉള്ളതാണ്. ചുമ്മാതിരിക്കണം.

ശ്രീ. കെ. എം. മാണി: സർ, ഒരാൾ സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ പോയിന്റ് ഓഫ് ഓർഡർ ചോദിക്കില്ല. ....(ബഹളം).......

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതിലൊക്കെ ഒരു മനുഷ്യത്വപരമായ സമീപനമുണ്ടാകണം. നാളെ നിങ്ങൾക്കുമൊക്കെ സംഭവിക്കാൻ പോകുന്നതാണിത്. ഞാൻ പറഞ്ഞുവന്നത് ഇത്ര മാത്രമേയുള്ളൂ. ക്രെഡിബിലിറ്റി ഇല്ലാത്ത ഒരു വ്യക്തി

ആക്ഷേപമുന്നയിക്കുമ്പോൾ അത് പ്രൈം ടൈം ഡിസ്കഷനായി മീഡിയകൾ വയ്ക്കുമ്പോൾ എനിക്ക് അവരോട് ഒരാക്ഷേപവുമില്ല. അവർ പുനർചിന്തനം നടത്തണം. അവർക്കും കുടുംബവും മക്കളുമുള്ളതാണ്. കുടുംബവും മക്കളുമുള്ളവർ അനുഭവിക്കുന്ന വേദന എന്ത് എന്ന് തിരിച്ചറിയാൻ അവർ തയ്യാറാകണം. ഭാഗ്യത്തിന് എനിക്ക് പെൺമക്കളില്ല. പെൺമക്കളുള്ള പലരും ആക്ഷേപം കേട്ടിട്ടുണ്ട്. ആ പെൺമക്കളെ കെട്ടിച്ചുവിടുന്ന ഒരു പിതാവിന്റെ ദുഃഖമെന്താണെന്ന് ആളുകൾ മനസ്സിലാക്കണം. ഇതാണ് എനിക്ക് എല്ലാവരോടും ആകെ അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: മിനിസ്റ്റർ ഇരിക്കണം. പ്ലീസ്...പ്ലീസ്.....എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, പ്രതിപക്ഷത്തുള്ളവർ ആരും മനുഷ്യത്വരഹിതമായി ആരെയും തേജോവധം ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല. പക്ഷേ ബഹുമാന്യനായ മന്ത്രി ഈ ഒരു ഗുരുതരമായ ആക്ഷേപം ഉന്നയിച്ചതും ഇതിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും ഒരു ഗൂഢാലോചനയാണെന്നും അത് പ്രതിപക്ഷത്തിരിക്കുന്നവർ അല്ലെന്നും ഈ സഭയുമായി ബന്ധപ്പെട്ട

ചിലയാളുകളാണെന്ന വ്യാഖ്യാനം അദ്ദേഹം നൽകുകയും ചെയ്ത സാഹചര്യത്തിൽ ഈ സഭയ്ക്ക് അറിയേണ്ടതുണ്ട്. മുഖ്യമന്ത്രി അടക്കമുള്ള ആളുകളെയും മന്ത്രിമാരെയും വളരെ ബോധപൂർവ്വം വ്യക്തിപരമായി തേജോവധം ചെയ്യുകയും ബ്ലാക് മെയിൽ ചെയ്യുകയും ഇതുപോലെ പൊതു പ്രവർത്തനരംഗത്ത് നിൽക്കുന്ന ആളുകളെ കൊല്ലാക്കൊല ചെയ്യുകയും ചെയ്യുന്ന ആളുകൾ ഇതിനകത്തുണ്ടെങ്കിൽ ഈ മന്ത്രി അത് വെളിപ്പെടുത്താൻ ബാദ്ധ്യസ്ഥനാണ്. അത് പറയാതെ ഇങ്ങനെ പുകമറ സൃഷ്ടിക്കുന്നത് വാസ്തവത്തിൽ ...... അദ്ദേഹമായതുകൊണ്ടാണ് ഞാൻ എഴുന്നേറ്റ് നിന്നത്. ഇത് ഓർഡറിൽ ആണോ എന്ന് അങ്ങ് റൂളിംഗ് നൽകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട സുനിൽകുമാർ എങ്ങനെ കേട്ടുവെന്ന് എനിക്കറിയില്ല. ഞാൻ ഇതിനകത്തുള്ള ഒരാൾ എന്നൊന്നും ഞാൻ പറഞ്ഞില്ല. നിങ്ങളാരും അല്ല എന്നുപറയുന്നതും തെറ്റാണോ; ഇതിനകത്ത് ഉണ്ടെന്നോ ഇല്ലെന്നോ ഞാൻ പറഞ്ഞില്ലല്ലോ; പിന്നെന്താണ് പ്രശ്നം?

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട എ. പി. അനിൽകുമാർ, അങ്ങ്

സംസാരിക്കുന്നുണ്ടോ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട ഇ.പി. ജയരാജൻ, ഒരു വാക്ക്.

....( ബഹളം).......

മി. സ്പീക്കർ: ഇവിടെ എല്ലാം പറഞ്ഞുകഴിഞ്ഞു. ഇവിടെ തൊഴിൽ വകുപ്പുമന്ത്രി എല്ലാവർക്കും വേണ്ടിയാണ് പറഞ്ഞത്. ... .( ബഹളം)....... ആവശ്യമില്ല. പ്ലീസ്.... ഇരിക്കു...

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആഭ്യന്തരവകുപ്പുമന്ത്രിയുടെയും തൊഴിൽ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഈ സർക്കാരിന്റെ വൃത്തികെട്ട ചെയ്തികളെക്കുറിച്ച് പരസ്യമായി പറയുന്നതുതന്നെ നാണക്കേടായി മാറിയിരിക്കുകയാണ്. അഴിമതി, കെടുകാര്യസ്ഥത, ജനവിരുദ്ധത തുടങ്ങിയ കാര്യങ്ങളാണ് ഇതുവരെ പറഞ്ഞുകൊണ്ടിരുന്നത്. ഇന്നലെ

മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടുവന്ന വാർത്ത ശരിയാകരുതേ എന്നാണ് എന്റെ വ്യക്തിപരമായ ആഗ്രഹം. കാരണം ഒരു മുഖ്യമന്ത്രിയെപ്പറ്റിയും കേൾക്കാൻ പാടില്ലാത്ത കാര്യങ്ങളാണ് ഇന്നലെ പുറത്തുവന്നിരിക്കുന്നത്. ഇന്നലെ കേരളം ലജ്ജിച്ച് തലതാഴ്ത്തി. അങ്ങേയ്ക്ക് ലജ്ജ തോന്നുന്നില്ലേ? സാക്ഷര സുന്ദര കേരളത്തിന്റെ പരിപാവനമായ തിരുമുറ്റത്ത് ശ്രീ. ഉമ്മൻചാണ്ടിയും കൂട്ടരും എന്തുകാട്ടി എന്നാണ് ഞാൻ പറയേണ്ടത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും സഹപ്രവർത്തകരുടേയും കയ്യിലിരിപ്പിനെപ്പറ്റി പറഞ്ഞാൽ പിന്നെ പോയി കുളിച്ച് ശുദ്ധിവരുത്തേണ്ട അവസ്ഥയല്ലേ? ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് പറയണം. ഇന്നലെ രാത്രി അങ്ങേയ്ക്കും ഭാര്യയ്ക്കും മക്കൾക്കും ഒരുമിച്ചിരുന്ന് ടി.വി വാർത്ത കാണാൻ ധൈര്യമുണ്ടായിരുന്നോ? ഇല്ല. കാണില്ല. ഇന്നലെ കേരളത്തിലെ പല വീടുകളിലും ടി.വി ഓൺ ചെയ്യാൻ തന്നെ പേടിയായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടാളികളും ചേർന്ന് ഈ നാടിന്റെ പേരാകെ കളഞ്ഞ് കുളിച്ചില്ലേ; ആരൊക്കെയായിരുന്നു നമ്മുടെ മുഖ്യമന്ത്രിക്കസേരയിൽ ഇരുന്നിട്ടുള്ളത്, ഐക്യകേരളത്തിലാണെങ്കിൽ സഖാവ് ഇ.എം.എസ്-ഉം അച്ചുതമേനോനും - പ്രഗത്ഭർ. അതിനുമുമ്പാണെങ്കിൽ സി. കേശവനും പട്ടം താണുപിള്ളയും ആർ. ശങ്കറും. അവരുടെ പേരിന്റെ കൂടെ ഇത്തരം വൃത്തികെട്ട ആരോപണങ്ങൾക്ക് വിധേയനായ ഈ മുഖ്യമന്ത്രിയുടെ പേരും

നിയമസഭയുടെ കവാടത്തിൽ എഴുതിവച്ചിരിക്കുന്നത് അങ്ങ് കാണുന്നില്ലേ; എന്ത് നാണക്കേടാണ്? ആ പേര് ആ ബോർഡിൽ നിന്നും മായ്ച്ച് കളയാൻ അങ്ങ് തയ്യാറാകണം. ******* +കുറ്റം പറയരുതല്ലോ. നമ്മുടെ യുവസിങ്കങ്ങളിൽ ചിലരും സ്ഥാനം പിടിച്ചിട്ടുണ്ട്. സോളാർ കുംഭകോണത്തെക്കുറിച്ചുള്ള വാർത്തകൾ വന്നുതുടങ്ങിയിട്ട് രണ്ടുവർഷം കഴിഞ്ഞില്ലേ; അന്നൊക്കെ ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞിരുന്നതെന്താണ്? തനിക്ക് ഇതുമായി ഒരു ബന്ധവുമില്ലെന്നാണ്. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ ജോപ്പൻ, ജിക്കുമോൻ എന്നിവർക്കെതിരെ കേസ്സെടുക്കുകയും ഇതിന്റെ പേരിൽ സ്റ്റാഫിൽ നിന്ന് അവരെ ഒഴിവാക്കുകയും ചെയ്തു. തനിക്ക് സോളാർ ഇടപാടുമായി ഒരു ബന്ധവുമില്ലെന്നാണ് അപ്പോഴും മുഖ്യമന്ത്രി പറഞ്ഞത്. കോന്നിയിലെ ശ്രീധരൻ നായർ സരിതയുമൊത്താണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ ചെന്നുകണ്ടത് എന്നുപറഞ്ഞപ്പോഴും മുഖ്യമന്ത്രി പറഞ്ഞത് സരിതയെ ഞാൻ കണ്ടിട്ടുപോലുമില്ല എന്നാണ്. മുഖ്യമന്ത്രിയുടെ ഓഫീസിലെ സി.സി.ടി.വി. ദൃശ്യങ്ങൾ ആവിയായിപ്പോയി എന്നാണ് അന്ന് മുഖ്യമന്ത്രി പറഞ്ഞത്. ഇതിനുശേഷം പാലായിലെ ഒരു ചടങ്ങിലെ വേദിയിലെത്തി ശ്രീമതി സരിത എസ്. നായർ മുഖ്യമന്ത്രിയുടെ കാതിൽ മന്ത്രിക്കുന്ന ചിത്രങ്ങൾ വന്നപ്പോൾ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്, ആർക്കും വന്ന് എന്നെ കാണാമല്ലോ എന്നായിരുന്നു.

+ 6614/ഇബി/2015/ലെജി പ്രകാരം സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

അപ്പോൾ ഡൽഹിയിൽ വച്ച് കണ്ടതിനെക്കുറിച്ച് ചോദിച്ചപ്പോൾ, അത് പത്രക്കാരുടെ കൂടെ വന്നു നിന്നതുകൊണ്ട് തിരിച്ചറിഞ്ഞില്ല എന്നായിരുന്നു മറുപടി പറഞ്ഞത്. കൊലപാതകക്കേസിൽ അടക്കം പ്രതിയായ ബിജു രാധാകൃഷ്ണനുമായി എറണാകുളം ഗസ്റ്റ് ഹൗസിൽ അടച്ചിട്ട മുറിയിലിരുന്ന് ഒരു മണിക്കൂർ രഹസ്യ ചർച്ച നടത്തിയതിനെപ്പറ്റി പലതവണ ചോദിച്ചപ്പോൾ നിയമസഭയിൽ മുഖ്യമന്ത്രി ആവർത്തിച്ച് ആണയിട്ടത് അത് കുടുംബകാര്യമാണെന്നും ജീവൻ പോയാലും പുറത്തുപറയില്ലെന്നുമായിരുന്നു. ഇപ്പോഴാണ് മനസ്സിലായത് അത് പുറത്തുപറയാൻ കൊള്ളാത്ത കുടുംബകാര്യമായിരുന്നുവെന്ന്. സോളാർ കേസിലെ മുഴുവൻ കാര്യങ്ങളും വെളിപ്പെടുത്തിയാൽ കേരളം അത് താങ്ങില്ലെന്ന് സരിത തന്നെ പറഞ്ഞതിന്റെ പൊരുളും ഇപ്പോൾ കേരളീയർക്ക് മനസ്സിലായിക്കാണും. കൊലക്കേസ് പ്രതിയായി ഒളിവിൽ കഴിയുന്നതിനിടയിൽ ബിജു രാധാകൃഷ്ണൻ മുഖ്യമന്ത്രിയെ ഔദ്യോഗിക വസതിയിൽ വന്നു കണ്ടുവെന്നും ആരോപണമുണ്ട്. അപ്പോൾ തന്നെ മുഖ്യമന്ത്രി പോലീസിനെ വിളിച്ച് അയാളെ അറസ്റ്റ് ചെയ്യേണ്ടതായിരുന്നില്ലേ; എന്തുകൊണ്ട് അത് ചെയ്തില്ല; കൊലപാതകക്കേസിൽ കുറ്റവാളിയായ ബിജു രാധാകൃഷ്ണൻ മുഖ്യമന്ത്രിയുടെ മച്ചമ്പിയാണോ; കേരളത്തെ ഞെട്ടിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്ത ആരോപണങ്ങൾ മാധ്യമങ്ങളെടുത്ത്

മണിക്കൂറുകളോളം അലക്കിയിട്ടും ആരെങ്കിലും നമ്മുടെ മുഖ്യമന്ത്രിയെ സംരക്ഷിക്കുവാൻ മുന്നോട്ടുവന്നോ? നേരത്തെ പറഞ്ഞ മാന്യവനിത സരിതയാണ് മുഖ്യമന്ത്രിയുടെ വക്കാലത്തുമായി എത്തിയിരിക്കുന്നത്. ഇതെന്ത് നാണക്കേടാണ്? സംസ്ഥാനത്തെ മുഖ്യമന്ത്രിക്ക് ഗുഡ് സർട്ടിഫിക്കറ്റ് കൊടുത്തത് സരിത. 'കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ' എന്നല്ലേ കവി പാടിയിട്ടുള്ളത്. ഇപ്പോൾ നമ്മുടെ മുഖ്യമന്ത്രിയേയും മന്ത്രിമാരേയും ബന്ധപ്പെട്ട് വന്ന കാര്യങ്ങൾ ഓർക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്. കേരളം എന്ന് കേൾക്കുമ്പോൾ നമ്മുടെ ഞരമ്പുകളിൽ ചോര തിളയ്ക്കുകയല്ല, മരവിച്ച് കട്ടപിടിക്കുകയാണ്. ചൂതുകളിയും സ്വൈരിണികളുമായുള്ള സമ്പർക്കവും ഒരു ഭരണാധികാരി ത്യജിക്കേണ്ട സപ്തവ്യസനങ്ങളിൽ ഒന്നാണെന്ന് മഹാഭാരതത്തിൽ പറയുന്നു. ഇത് എക്കാലത്തേയും ഭരണാധികാരികൾ പാലിക്കേണ്ട കാര്യമാണ്. **** ഇതിൽ നിന്നും കേരളീയർ എന്താണ് മനസ്സിലാക്കേണ്ടത്; ***** [*]ഇക്കൂട്ടരെ എന്താണ് വിളിക്കേണ്ടത്; എന്ത് ശിക്ഷയാണ് ഇവർക്ക് കൊടുക്കേണ്ടത്? ഇന്നലെ ഞാൻ മാധ്യമ പ്രവർത്തകരോട് പറഞ്ഞു, ശ്രീ. ഉമ്മൻ ചാണ്ടിയേയും മറ്റും അടിച്ചിറക്കി സെക്രട്ടേറിയറ്റ് ചാണകവെള്ളം തളിച്ച് ശുദ്ധിയാക്കണമെന്ന്. ഈ നിയമസഭയിലും അതാണെനിക്ക് ആവശ്യപ്പെടാനുള്ളത്. ഈ അഴമതിക്കേസ്

---

* 6614/ഇബി/2015/ലെജി പ്രകാരം സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

ഒതുക്കിത്തീർക്കാനല്ലേ ശ്രീ. ഉമ്മൻ ചാണ്ടി പഠിച്ചപണി പതിനെട്ടും നോക്കിയത്. ഒടുവിൽ എൽ.ഡി.എഫ്.-ന്റെ ശക്തമായ പ്രക്ഷോഭത്തെ തുടർന്നല്ലേ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചത്. എന്നിട്ടും കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ കള്ളക്കളികൾ നടത്തി മുഖ്യമന്ത്രിയേയും മുഖ്യമന്ത്രിയുടെ ഓഫീസിനേയും ഒഴിവാക്കി. എന്നാൽ കമ്മീഷൻ കഴുത്തിന് പിടിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിനെക്കൂടി ഉൾപ്പെടുത്തിയതുകൊണ്ടാണല്ലോ ഈ തെളിവുകളെല്ലാം പുറത്തുവന്നത്. കഴിഞ്ഞ മാർച്ച് മാസത്തിൽ അഴിമതിക്കാരനായ ശ്രീ. കെ. എം. മാണിക്കെതിരെ സംസാരിച്ചപ്പോൾ ബൈബിളിലെ ഒരു വാചകം ഞാൻ ഇവിടെ ഉദ്ധരിച്ചിരുന്നു. ഇപ്പോഴും ഒരു ബൈബിൾ വാചകം ഉദ്ധരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്. പഴയ നിയമത്തിലെ പ്രഭാഷകൻ ഒൻപതാം ഖണ്ഡത്തിൽ സാന്മാർഗ്ഗിക നിർദ്ദേശങ്ങൾ സംബന്ധിച്ച് പറയുന്നുണ്ട്. അതിൽ സ്ത്രീകളോടുള്ള സമീപനം എന്ന തലക്കെട്ടിൽ ഇങ്ങനെയാണ് പറയുന്നത്, "സ്ത്രീയ്ക്ക് വഴങ്ങരുത് - അവൾ നിങ്ങളിൽ ആധിപത്യം സ്ഥാപിക്കും. സ്വൈരിണിയെ സന്ദർശിക്കരുത് - നീ വളരെ വലിയ നിലയിൽ കുടുങ്ങും. അഴിഞ്ഞാട്ടക്കാരിയോട് അടുക്കരുത് - നീ അവളുടെ കുടുക്കിൽപ്പെട്ടുപോകും. കുടിലയ്ക്ക് അടിമയാകരുത് - നിനക്കുള്ളതെല്ലാം നഷ്ടപ്പെടും, നീ നാശത്തിലേയ്ക്ക് തെന്നിവീഴും" എന്നാണ്. ശ്രീ. ഉമ്മൻ ചാണ്ടി ഇത്

വായിച്ചിട്ടില്ലെങ്കിൽ പള്ളിയിൽ പോകുന്നതിന് മുമ്പ് ഒന്നു വായിച്ചിട്ട് പോകണമെന്നാണ് എന്റെ വിനീത അഭ്യർത്ഥന. ബിജു രാധാകൃഷ്ണൻ കൊലയാളിയായതുകൊണ്ട് അയാൾ പറയുന്നത് വിശ്വസിക്കേണ്ട എന്നല്ലേ നിങ്ങൾ ഇപ്പോൾ പറയുന്നത്. അത് തീരുമാനിക്കേണ്ടത് കോടതിയാണ്. സർക്കാരിന്റെ കസ്റ്റഡിയിലാണ് അയാൾ. അയാളെ ഇല്ലാതാക്കി തെളിവ് നശിപ്പിക്കാൻപോലും നിങ്ങൾ സന്നദ്ധരാകുമെന്നതിന് ഏറെ ഉദാഹരണങ്ങളുണ്ട്. അതുകൊണ്ട് ഈ രേഖകൾ സുരക്ഷിതമായിരിക്കാൻ അവ പിടിച്ചെടുക്കുന്നതിനും കോടതിയിൽ സമർപ്പിക്കുന്നതിനുമുള്ള ചുമതല ജയിൽ ഡി.ജി.പി.യുടേതാണ്. അത് അദ്ദേഹം നിർവ്വഹിക്കുമെന്നാണ് ഞാൻ ആശിക്കുന്നത്. ഞാൻ ഏറെ പറയുന്നില്ല. ഇനിയും കൂടുതൽ പറഞ്ഞാൽ നിങ്ങളുടെ പല വൃത്തികേടുകളും പുറത്തുവരും. അതുകൊണ്ടാണല്ലോ നിങ്ങൾ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചത്. അതിൽ പ്രതിഷേധിച്ച് ഞങ്ങൾ പ്രതിപക്ഷാംഗങ്ങൾ ഇവിടെത്തന്നെ കുത്തിയിരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി കുത്തിയിരുന്നു.)

(ശ്രീ. പി. സി. വിഷ്ണുനാഥ്)